# സർക്കുലർ

***Circular Letter No. 1/2011***
***Prot. No.10224/2010***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നാം വീണ്ടും ഒരു പുതിയ വർഷത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. ദൈവം നമുക്ക് തരുന്ന ദാനമാണ് ഓരോ വർഷവും എന്ന് അനുസ്മരിക്കാം. കഴിഞ്ഞ വർഷം ദൈവം നമ്മുടെ വ്യക്തിജീവിതത്തിലും, കുടുംബജീവിതത്തിലും, സമൂഹജീവിതത്തിലും എല്ലാം ചൊരിഞ്ഞ നിരവധിയായ അനുഗ്രഹങ്ങൾക്ക് നാം നന്ദി പറഞ്ഞുകാണും. അതോടൊപ്പം പുതിയ വർഷത്തിൽ കർത്താവിന്റെ പാതയിലൂടെ ചരിയ്ക്കാനുള്ള കൃപയ്ക്കായും നമുക്ക് പ്രാർത്ഥിക്കാം. ഏവർക്കും ശാന്തിയും സമാധാനവും നിറഞ്ഞ പുതുവത്സരം ആശംസിക്കുന്നു.

നിർദ്ധനകുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്കായി ഒരു വിദ്യാഭ്യാസ സഹായ പദ്ധതി നമ്മുടെ രൂപതയിൽ നടപ്പാക്കിയിട്ടുള്ളത് നിങ്ങൾക്കറിയാവുന്ന വസ്തുതയാണല്ലോ. എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിൽ പഠിയ്ക്കുന്ന ചുരുങ്ങിയത് അഞ്ഞൂറ് കുട്ടികൾക്കെങ്കിലും ആയിരം രൂപാ വച്ച് ഓരോ വർഷവും സഹായധനമായി കൊടുക്കുന്ന ഒരു പദ്ധതിയാണിത്. കഴിഞ്ഞ അഞ്ച് വർഷമായി നമ്മൾ ഇപ്രകാരം ചെയ്യുന്നുണ്ട്. ഏറെപ്പേർക്ക് ഇത് വലിയ സഹായമാണ്. ഇപ്പറഞ്ഞ പദ്ധതിയ്ക്ക് പുറമേ നമ്മുടെ രൂപതയിലെ സന്യാസിനീസമൂഹങ്ങൾ ഒരുമിച്ച് ചേർന്ന് ഇരുന്നൂറ്റമ്പതിനും മുന്നൂറിനും ഇടയിൽ കുട്ടികൾക്കും വർഷം ആയിരം രൂപാ വച്ച് സഹായ ധനം കൊടുക്കുന്നുണ്ട്.

അതുപോലെ തന്നെ വർഷം തോറും ഇരുപത് കുട്ടികളെ വീതം ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ സൗജന്യമായി പഠിപ്പിക്കുന്ന മറ്റൊരു പദ്ധതിയും നിലവിലുണ്ട്. മൂന്ന് വർഷം മുമ്പ് ആരംഭിച്ച ഈ പദ്ധതിയനുസരിച്ച് 60 കുട്ടികൾ ഗൂഡല്ലൂർ കയ്യൂന്നിയിലുള്ള സേക്രട്ട് ഹാർട്ട് മട്രിക്കുലേഷൻ സ്കൂളിലും തലഞ്ഞി കാർമ്മൽ സ്കൂളിലുമായി പഠിക്കുന്നുണ്ട്. ആ സ്കൂളുകളുടെ വാഹനങ്ങൾ എത്തുന്ന സ്ഥലങ്ങളിൽ നിന്ന് മാത്രമാണ് അപ്രകാരം കുട്ടികളെ തെരഞ്ഞെടുത്തിട്ടുള്ളത്. എല്ലാ വർഷവും LKG ലേയ്ക്ക് മാത്രമാണ് കുട്ടികളെ സ്വീകരിക്കുന്നത്.

അവരിൽ എല്ലാ ക്ലാസ്സിലും പഠിച്ചുകയറുന്നവർ ഏതെങ്കിലും ജീവിത മാർഗ്ഗത്തിൽ എത്തുന്നതുവരെ അവരെ പഠിപ്പിക്കുക എന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. എങ്കിലും പണത്തിന്റെ ലഭ്യത അനുസരിച്ചായിരിക്കും അവയെല്ലാം ചെയ്യുന്നത്.

സ്കൂൾ കുട്ടികൾക്ക് പുറമെ രണ്ട് കുട്ടികൾക്ക് കോഴിക്കോട്ടുള്ള സ്റ്റാർട്ട് എന്ന സ്ഥാപനത്തിൽ പരിശീലനം നേടുന്നതിനുള്ള സഹായധനവും കൊടുക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസത്തിനും ഐ.എ.എസ്., ഐ.പി.എസ്. പോലെയുള്ള മത്സരപരീക്ഷകൾക്കും കുട്ടികളെ ഒരുക്കാൻ താമരശ്ശേരി രൂപത തുടങ്ങിയിട്ടുള്ള സ്ഥാപനമാണ് സ്റ്റാർട്ട്. നമ്മുടെ രൂപതയിലെ സന്യാസിനീ സഹൂഹങ്ങൾ പെൺകുട്ടികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും സഹായം കൊടുക്കുന്നുണ്ട്.

കുട്ടികളെ തെരഞ്ഞെടുക്കുന്നതും അവർക്കുള്ള സഹായധനം വിതരണം ചെയ്യുന്നതും ഓരോ ഇടവകയിലെയും ബഹുമാനപ്പെട്ട വികാരിയച്ചന്മാരും കമ്മറ്റിക്കാരും ഉൾപ്പെടുന്ന സമിതിയാണ്. ഇടവകയിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സും ഇതിൽ ഭാഗഭാക്കാകുന്നു. പണം ചെക്കായി രൂപതാ കേന്ദ്രത്തിൽ നിന്ന് അതാത് പള്ളിയുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് അയയ്ക്കുന്നത്. അത് പള്ളിക്കണക്കിൽ വരവ് വെച്ച ശേഷം ഒന്നോ രണ്ടോ ഗഡുക്കളായി കുട്ടികൾക്ക് വിതരണം ചെയ്യുകയും പള്ളിക്കണക്കിൽ ചെലവെഴുതുകയും ചെയ്യുന്നു. കുട്ടികൾക്ക് പുസ്തകം, വസ്ത്രം, കുട, ചെരുപ്പ് തുടങ്ങിയവ വാങ്ങാൻ ഈ പണം ഉപയോഗിക്കുന്നു എന്ന് അവർ ഉറപ്പ് വരുത്തുകയും ചെയ്യുന്നു. പണം മറ്റ് കാര്യങ്ങൾക്ക് ഉപയോഗിച്ചാൽ പിറ്റേ വർഷം മുതൽ സഹായം കൊടുക്കുന്നതുമല്ല. സഹായധനം ലഭിക്കുന്ന കുട്ടികളുടെ കാര്യത്തിൽ അതാത് ഇടവകകളിൽ സേവനമനുഷ്ഠിക്കുന്ന സിസ്റ്റേഴ്സിന് പ്രത്യേക ശ്രദ്ധയുണ്ടായിരിക്കണം. അവരുടെ വീടുകൾ ഇടയ്ക്കിടെ അവർ സന്ദർശിക്കുകയും അവരുടെ പഠനനിലവാരം വിലയിരുത്തുകയും ആവശ്യമായ വിവരങ്ങൾ ബഹുമാനപ്പെട്ട വികാരിയച്ചന്മാരെയും കമ്മിറ്റിക്കാരെയും അറിയിക്കുകയും ചെയ്യണം. ആ കുടുംബങ്ങളുടെ ആദ്ധ്യാത്മിക പുരോഗതിയിലും ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കഴിഞ്ഞ വർഷം രൂപതാ കേന്ദ്രത്തിൽ നിന്ന് നടത്തുന്ന പദ്ധതിക്കായി 977565 രൂപയും ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് നടത്തുന്ന പദ്ധതിക്കായി 341450 രൂപയും കിട്ടി. അതിൽ രൂപതാ കേന്ദ്രത്തിലെ പദ്ധതിയിൽ നിന്ന് 974890 രൂപായും സിസ്റ്റേഴ്സിന്റെ പദ്ധതിയിൽ നിന്ന് 331450 രൂപായും വിതരണം ചെയ്തു. ആകെ 1306340 രൂപായാണ് വിതരണം

ചെയ്തത്. 519, 255 എന്നിങ്ങനെയാണ് ഓരോ പദ്ധതിയിലും സഹായ ധനം കിട്ടിയ കുട്ടികളുടെ എണ്ണം.

ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ 60 കുട്ടികൾക്കായി 457890 രൂപയാണ് കൊടുത്തത്. അതുപോലെ കോഴിക്കോട് സ്റ്റാർട്ട് എന്ന സ്ഥാപനത്തിൽ രണ്ട് കുട്ടികൾക്ക് പഠിക്കുവാനായി 60000 രൂപാ കൊടുത്തിട്ടുണ്ട്. പ്രൊഫഷണൽ കോഴ്സുകൾക്കായി സിസ്റ്റേഴ്സിന്റെ പദ്ധതിയിൽ നിന്ന് 5 കുട്ടികൾക്ക് 95000 രൂപായും കൊടുത്തു. അങ്ങനെ മൊത്തം 1306340 രൂപാ നമ്മൾ കഴിഞ്ഞ വർഷം വിദ്യാഭ്യാസ സഹായമായി കൊടുത്തിട്ടുണ്ട്. ഇതിലേയ്ക്ക് സംഭാവനകൾ നൽകിയ എല്ലാവരേയും ഹൃദയപൂർവ്വം അഭിനന്ദിക്കുകയും അവർക്ക് നന്ദി പറയുകയും ചെയ്യുന്നു. നിങ്ങളുടെ ഈ സംഭാവനകൾ നിങ്ങൾക്ക് ദൈവാനുഗ്രഹത്തിന്റെ ചാലുകളായി മാറും.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ അതിൽ നിന്ന് കരകയറ്റുവാനുള്ള ഏറ്റവും പറ്റിയ മാർഗ്ഗം അവരുടെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കുകയാണ് എന്ന ബോദ്ധ്യത്തിൽ നിന്നാണ് ഇപ്രകാരമൊരു പദ്ധതിയ്ക്ക് രൂപം കൊടുത്തത്. ചെറുകിട കർഷകർക്ക് കൃഷിയിൽ നിന്നുള്ള ആദായം കൊണ്ടുള്ള വരുമാനം കൊണ്ട് ഇനി ജീവിതം മുന്നോട്ട് നീക്കാൻ കഴിയുകയില്ല എന്നത് ഒരു വസ്തുതയാണ്. കാലക്രമത്തിൽ കൃഷിയും ഒരു വ്യവസായമായി മാറുകയും കൃഷി ചെയ്യുന്നവരുടെ എണ്ണം കുറഞ്ഞു വരുകയും ചെയ്യും എന്നതും ഉറപ്പായ കാര്യമാണ്. ആ സാഹചര്യത്തിൽ വ്യാവസായിക - സേവന മേഖലകളിൽ ജോലി ചെയ്യുന്നതിന് ആവശ്യമായ പരിശീലനം ലഭിച്ചവർക്കായിരിക്കും മുൻഗണനന. അതില്ലാത്തവർ തീർത്തും നിർധനർ ആയിത്തീരുന്ന അവസ്ഥ സംജാതമാകും. അങ്ങനെ വന്നാൽ അത് സമൂഹത്തിൽ വലിയ കലഹങ്ങൾക്കും അസ്വസ്ഥതകൾക്കും കളവിനും കൊള്ളയ്ക്കും കൊലപാതകങ്ങൾക്കും എല്ലാം കാരണമാകും. അതുകൊണ്ട് പണമുള്ളവരുടെ നിലനിൽപ്പിന്റെ പ്രശ്നം കൂടിയാണ് പാവപ്പെട്ടവരെ സാമ്പത്തികമായി ഉയർത്തുക എന്നത്.

പല മാർഗ്ഗങ്ങളിലൂടെയാണ് നമ്മുടെ പദ്ധതികൾക്കുള്ള പണം കണ്ടെത്തുന്നത്. അതിൽ ഒന്നാമത്തേത് ഓരോ വർഷവും നമ്മൾ ഇടവകകളിൽ നിന്ന് എടുക്കുന്ന ഒരു പൊതു പണസമാഹരണമാണ്. ജനുവരി മാസത്തിലെ അവസാന ഞായറാഴ്ചയാണ് ഇത് സമാഹരിക്കുന്നത്. രണ്ടാമത്തെ മാർഗ്ഗം വ്യക്തികളും സമൂഹങ്ങളും തരുന്ന തുകകളാണ്. തങ്ങൾക്ക് ദൈവം തന്ന സമ്പത്തിൽ നിന്ന് ഒരു ഭാഗം അവശതയനുഭവിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനായി നീക്കി വയ്ക്കുന്ന ധാരാളം പേരുണ്ട്. പ്രത്യേകിച്ചും ഏതെങ്കിലും ആഘോഷാവസരങ്ങൾ

വരുമ്പോൾ പലരും ഇങ്ങനെ ചെയ്യുന്നുണ്ട്. ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികൾ തങ്ങൾക്ക് കിട്ടുന്ന സമ്മാനങ്ങളിൽ ഒരു ഭാഗം ഈ നല്ല കാര്യത്തിനായി നീക്കി വയ്ക്കുന്നുണ്ട്. ഇതിനായി ബഹുമാനപ്പെട്ട വൈദികരും മാതാപിതാക്കളും അവരെ പ്രോത്സാഹിപ്പിക്കണം. ഇടവകകളിൽ നടത്തുന്ന തിരുനാൾ അവസരങ്ങളിൽ അതിന് ചെലവാക്കുന്ന തുകയുടെ ഒരു ഭാഗം വിദ്യാഭ്യാസനിധിയിലേക്ക് തരുന്ന ഇടവകകൾ ഉണ്ട്. ഓരോ ഇടവകയും അവരുടെ തിരുനാൾ ബഡ്ജറ്റിന്റെ അഞ്ച് ശതമാനമെങ്കിലും ഇപ്രകാരം നീക്കി വയ്ക്കണം എന്നാണെന്റെ അഭ്യർത്ഥന. നിങ്ങൾക്കത് വലിയ ദൈവാനുഗ്രഹത്തിന് കാരണമാകും. നമ്മുടെ കണ്ണിനും കാതിനും മനസ്സിനുമെല്ലാം ഇമ്പം പകരുമെങ്കിലും ദൈവത്തിന് പ്രീതികരമായിട്ടുള്ളത് നമ്മുടെ ആഘോഷങ്ങളല്ല എന്ന കാര്യം നാം വിസ്മരിക്കരുത്. ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്ന കർതൃവാക്യം നമുക്ക് അനുസ്മരിക്കാം.

ഈ വർഷം ഫെബ്രുവരി 6 ന് ഞായറാഴ്ചയാണ് വിദ്യാഭ്യാസ നിധിയിലേക്കുള്ള സംഭാവനകൾ സമാഹരിക്കേണ്ടത്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇക്കാര്യം മുൻകൂട്ടി പള്ളികളിൽ അറിയിക്കുകയും ആ ദിവസം ലഭിക്കുന്ന തുക എത്രയും വേഗം രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ച് തരുകയും ചെയ്യണം എന്നഭ്യർത്ഥിക്കുന്നു. നിങ്ങൾ ഏവരുടെയും ഉദാരമായ സംഭാവനകൾ ഞാൻ പ്രതീക്ഷിക്കുന്നു. ഏവർക്കും മുൻകൂട്ടി നന്ദി പറയുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളോടു കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2010 ജനുവരി മാസം 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2011 ജനുവരി മാസം 30-ാം തീയതി വി.കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.**



# ഇടയലേഖനം

*Pastoral Letter No. 01/2011*
*Prot. No. 10445/2011*

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ
**പൊരുന്നേടം മാർ ജോസ് മെത്രാൻ**
തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തിരുനാൾ ആഘോഷിക്കുന്നതിന് ഒരുക്കമായിട്ടുള്ള വലിയ നോമ്പിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. പശ്ചാത്താപത്തിന്റേയും പ്രായശ്ചിത്തത്തിന്റേയും അടയാളമായി നെറ്റിയിൽ കരി പൂശി നാം നോമ്പാരംഭിക്കുന്നു. നോമ്പ് കാലത്ത് നമ്മൾ ആഘോഷങ്ങൾ വേണ്ടെന്ന് വയ്ക്കുന്നു. ഭക്ഷണപാനീയങ്ങളിൽ മിതത്വം പാലിക്കുകയും കൂടുതലായി പ്രായശ്ചിത്തപ്രവൃത്തികളിൽ ഏർപ്പെടുകയും ചെയ്യുന്നു. ദാനധർമ്മങ്ങളും നോമ്പുകാലത്ത് കൂടുതലായി ചെയ്യാൻ നാം പരിശ്രമിക്കുന്നു. തീർത്ഥാടനങ്ങളും ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. നോമ്പുകാലത്ത് കൂടുതലായി വിശുദ്ധ കുമ്പസാരത്തിലൂടെ നമ്മൾ നമ്മെത്തന്നെ വിശുദ്ധീകരിക്കുകയും വിശുദ്ധ കുർബ്ബാനയിൽ പങ്കെടുത്ത് കർത്താവിന്റെ തിരുശരീരവും തിരുരക്തവും സ്വീകരിക്കുകയും ചെയ്യുന്നു. ഇതിലൂടെയെല്ലാം നമ്മൾ ദൈവത്തോട് കൂടുതൽ അടുക്കുവാൻ പരിശ്രമിക്കുകയാണ്. അതേ, ദൈവത്തോട് അടുത്ത് നിൽക്കണമെങ്കിൽ അഥവാ ശരിയായ ക്രൈസ്തവ ജീവിതം നയിക്കണമെങ്കിൽ നാം ഇങ്ങനെയെല്ലാം ചെയ്തേ മതിയാകൂ. കാരണം നമ്മൾ ബലഹീനരായ കേവലം മനുഷ്യരാണ്.

എന്നാൽ നോമ്പുകാലാനുഷ്ഠാനങ്ങൾ നോമ്പുകാലത്തേയ്ക്ക് മാത്രമുള്ളതാണോ? അല്ല എന്നതാണ് വസ്തുത. ഡോക്ടറാകാനും എഞ്ചിനീയറാകാനും അദ്ധ്യാപകനാകാനും എല്ലാം നാം പരിശീലനം നേടേണ്ടതുണ്ട്. അവയിൽ ചിലത് വർഷങ്ങൾ നീണ്ട് നിൽക്കു

ന്നതുമാണ്. അങ്ങനെ പഠിക്കുന്നതും പരിശീലിക്കുന്നതുമായ കാര്യങ്ങൾ ജോലികിട്ടുമ്പോൾ പ്രാവർത്തികമാക്കാനാണ്, മറക്കാനല്ല. അതുപോലെതന്നെയാണ് നോമ്പ് കാലത്ത് നാം അനുഷ്ഠിക്കുന്ന ഉപവാസം, മാംസവർജ്ജനം, മറ്റ് പ്രായശ്ചിത്തപ്രവൃത്തികൾ, തീർത്ഥാടനങ്ങൾ, ദാനധർമ്മങ്ങൾ തുടങ്ങിയവയുടെ കാര്യവും. അവ നോമ്പുകാലത്തിന് ശേഷവും നമ്മുടെ ജീവിതത്തിന്റെ ഭാഗമാകണം. ക്രൈസ്തവജീവിതം അങ്ങനെയാണ് ജീവിക്കേണ്ടത്. നോമ്പുകാലത്ത് മാത്രം അവ അനുഷ്ഠിച്ചതുകൊണ്ട് കൂടുതലായി എന്തെങ്കിലും പ്രത്യേകമൂല്യം ഇല്ല. മറ്റ് ചില മതങ്ങളിലേതുപോലെ ക്രൈസ്തവ ആദ്ധ്യാത്മികത സ്ഥലകാലബദ്ധമല്ല. അവ അനുഷ്ഠാനങ്ങളിലൂടെ ലഭ്യമാകുന്നതുമല്ല.

നോമ്പുകാലാനുഷ്ഠാനങ്ങൾ എന്നും സാദ്ധ്യമാണോ അല്ലെങ്കിൽ വേണമോ എന്ന് ആരെങ്കിലും ചോദിച്ചേക്കാം. അവ എന്നും വേണമെന്നില്ല. പക്ഷേ അവയിലൂടെ നേടിയെടുക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ എന്നും നമ്മുടെ ജീവിതത്തിലുണ്ടായിരിക്കണം.

ഭക്ഷണപാനീയങ്ങളിലുള്ള നമ്മുടെ നിയന്ത്രണം വഴി നാം നേടുന്നത് നമ്മുടെ ശരീരത്തിന്റേയും മനസ്സിന്റേയും മേലുള്ള പൂർണ്ണനിയന്ത്രണമാണ്. നമുക്കുള്ളത് മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ അങ്ങനെയേ കഴിയൂ എന്ന കാര്യവും ഈ അനുഷ്ഠാനങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. ക്രമമായി എല്ലാ നേരവും ഭക്ഷണം കഴിക്കുന്ന ഒരാൾ ഏതാനും നാളത്തേയ്ക്ക് ഒരു നേരം ഭക്ഷണം കഴിച്ചില്ലെങ്കിലും ഒന്നും സംഭവിക്കയില്ല. എങ്കിലും ഉപവാസത്തെപ്പറ്റി ചിന്തിക്കുമ്പോൾ തന്നെ വിശപ്പ് തോന്നുന്നത് പലരുടേയും അനുഭവമാണ്. അപ്പോൾ അത് ഒരു പരിധി വരെ മനസ്സിന്റെ ഒരു പ്രശ്നമാണ്. മനസ്സിൻമേൽ കൂടുതൽ നിയന്ത്രണം വന്നു കഴിയുമ്പോൾ ആ പ്രശ്നം ഇല്ലാതാകുന്നു. മത്സ്യമാംസങ്ങൾ നമ്മുടെ ഭക്ഷണം കൂടുതൽ ആസ്വാദ്യകരമാക്കുന്നവയാണ്. എന്നാൽ അവ കഴിച്ചില്ലെങ്കിലും നമ്മുടെ ശരീരം ആരോഗ്യത്തോടെ തന്നെയിരിക്കും എന്ന് മാംസവർജ്ജനം നമ്മെ പഠിപ്പിക്കുന്നു. മറ്റുള്ളവരുമായി നമുക്കുള്ളത് പങ്കുവയ്ക്കണമെങ്കിൽ നാം ചിലതെല്ലാം വേണ്ടെന്ന് വച്ചാൽമതി എന്നും ഇതിലൂടെ നാം പഠിക്കുന്നു. മിച്ചമുണ്ടായിട്ട് മറ്റുള്ളവർക്ക് കൊടുക്കാം എന്ന് കരുതുന്നത് മൗഢ്യമായിരിക്കും. കാരണം അങ്ങനെ ഒരു സ്ഥിതി ഒരിക്കലും ഉണ്ടാകാൻ സാദ്ധ്യതയില്ല. വലിയ ധനവാനും പണം എത്ര കിട്ടിയാലും തികയുകയില്ല.

ഉപവാസം എങ്ങനെയായിരിക്കണം എന്ന് വി. മത്തായിയുടെ സുവിശേഷത്തിൽ നാം വായിക്കുന്നു. *നിങ്ങൾ ഉപവസിക്കുമ്പോൾ*

*കപടനാട്യക്കാരേപ്പോലെ വിഷാദം ഭാവിക്കരുത്. തങ്ങൾ ഉപവസിക്കുന്നു എന്ന് അന്യരെ കാണിക്കാൻ വേണ്ടി അവർ മുഖം വികൃതമാക്കുന്നു. സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. അവർക്ക് പ്രതിഫലം ലഭിച്ചു കഴിഞ്ഞു. എന്നാൽ നീ ഉപവസിക്കുന്നത് അദൃശ്യനായ പിതാവല്ലാതെ മറ്റാരും കാണാതിരിക്കുന്നതിന് ശിരസ്സിൽ തൈലം പുരട്ടുകയും മുഖം കഴുകുകയും ചെയ്യുക. രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്ക് പ്രതിഫലം നൽകും* (മത്തായി 6:16-18). നമ്മുടെ നോമ്പുകാലാനുഷ്ഠാനങ്ങൾ ഇങ്ങനെയായിരിക്കണമെന്ന് സാരം. കേവലം ബാഹ്യമായ ഒരു ഉപവാസം നമുക്ക് ഒന്നും നേടിത്തരുന്നില്ല. ഉപവാസവും മാംസവർജ്ജനവും പ്രാർത്ഥനയും തീർത്ഥാടനവും പ്രായശ്ചിത്തപ്രവൃത്തികളും എല്ലാം നമ്മുടെ ഹൃദയത്തെ ദൈവത്തോടടുപ്പിക്കുമ്പോഴേ അവ ഉദ്ദേശിക്കുന്ന ഫലം ചെയ്യുന്നുള്ളു. ബാഹ്യമായ കാര്യങ്ങളിൽ പുലർത്തുന്ന ശ്രദ്ധയിലേറെ ആന്തരികമായ വിശുദ്ധിയിലായിരിക്കണം നാം ശ്രദ്ധ വയ്ക്കേണ്ടത്. അതിലൂടെ നമ്മുടെ മനോഭാവങ്ങളിലും മാറ്റമുണ്ടാകണം.

ഉപവാസത്തെപ്പറ്റി ഏശയ്യാപ്രവാചകൻ പറയുന്നത് ഇപ്രകാരമാണ്. *എന്നാൽ ഉപവസിക്കുമ്പോൾ നിങ്ങൾ സ്വന്തം സുഖമാണ് തേടുന്നത്. നിങ്ങളുടെ വേലക്കാരെ നിങ്ങൾ പീഢിപ്പിക്കുന്നു. കലഹിക്കുന്നതിനും ശണ്ഠകൂടുന്നതിനും ക്രൂരമായി മുഷ്ടികൊണ്ട് ഇടിക്കുന്നതിനും മാത്രമാണ് നിങ്ങൾ ഉപവസിക്കുന്നത്. നിങ്ങളുടെ സ്വരം ഉന്നതത്തിൽ എത്താൻ ഇത്തരം ഉപവാസം ഉപകരിക്കുകയില്ല.* (ഏശയ്യ 58:3-4). തെറ്റായ മനോഭാവത്തോടെയുള്ള ഉപവാസം ഉദ്ദേശിക്കുന്ന ഫലം നൽകുകയില്ല. എന്നുതന്നെയല്ല ഉപവാസം തന്നെ മറ്റുള്ളവർക്ക് പീഢനമായി മാറുന്ന കാഴ്ചയാണ് പ്രവാചകൻ ഇവിടെ വരച്ച് കാണിക്കുന്നത്. ഉപവസിക്കുകയും അതേ സമയം അക്രൈസ്തവമായ പ്രവൃത്തികളിൽ മുഴുകുകയും ചെയ്യുന്നവരുടെ ഉപവാസം ഫലശൂന്യമാണ് എന്നും പ്രവാചകനിലൂടെ കർത്താവ് ഭംഗ്യന്തരേണ അരുളിച്ചെയ്യുന്നു.

നാം ചെയ്യുന്ന പലതും ഉപവാസമെന്ന് വിളിക്കപ്പെടാനേ അർഹതയില്ലാത്തവയാണ്. പ്രവാചകൻ ചോദിക്കുന്നു: *ഇത്തരം ഉപവാസമാണോ ഞാൻ ആഗ്രഹിക്കുന്നത്? ഒരു ദിവസത്തേക്ക് ഒരുവനെ എളിമപ്പെടുത്തുന്ന ഉപവാസം! ഞാങ്ങണപോലെ തല കുനിക്കുന്നതും ചാക്ക് വിരിച്ച് ചാരവും വിതറി കിടക്കുന്നതും ആണോ അത്? ഇതിനെയാണോ നിങ്ങൾ ഉപവാസമെന്നും കർത്താവിന് സ്വീകാര്യമായ ദിവസം എന്നും വിളിക്കുക?* (ഏശയ്യാ 58:5). അതായത് ഏതാനും ദിവസത്തേയ്ക്ക് ഒരു നേരം ഭക്ഷണം വേണ്ടെന്ന് വയ്ക്കുന്നതും അതല്ലെങ്കിൽ ഏതെങ്കിലും

പ്രത്യേകഭക്ഷണം ഉപേക്ഷിക്കുന്നതും നോമ്പുകാലത്ത് മാത്രമായി മദ്യപാനം പുകവലി തുടങ്ങിയവ ഉപേക്ഷിക്കുന്നതും ഒന്നും യഥാർത്ഥ ഉപവാസമാകണമെന്നില്ല എന്നർത്ഥം. അവയോടൊപ്പം മറ്റ് ചിലത്കൂടിയുണ്ടാകണം. അവയെന്താണ് എന്നാണ് ഇനി പറയുന്നത്: *ദുഷ്ടതയുടെ കെട്ട് പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്?* (ഏശയ്യാ 58:6–7). ചുരുക്കത്തിൽ വ്യക്തി ജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹത്തിലും എല്ലാം അനീതി കൊടികുത്തിവാഴാൻ നമ്മൾ അനുവദിക്കുമ്പോൾ ഭക്ഷണപാനീയത്തിലുള്ള ഉപവാസം ഉപവാസമേയല്ല. അവയിൽ ദൈവം പ്രസാദിക്കുന്നുമില്ല. ആ ഉപവാസത്തിലൂടെ അനീതികളെ ഇല്ലായ്മ ചെയ്യാനുള്ള മനസ്സും ശക്തിയും നേടുമ്പോഴാണ് ഉപവാസം ഉപവാസമായിത്തീരുന്നത്. കൈക്കൂലി വാങ്ങുന്നവരും അഴിമതി നടത്തുന്നവരും, കൈക്കൂലി കൊടുക്കാത്തവരേയും അഴിമതിക്കു കൂട്ടുനിൽക്കാത്തവരേയും പീഢിപ്പിക്കുന്നവരും, അക്രമത്തിലൂടെയും വഞ്ചനയിലൂടെയും മറ്റും ലാഭമുണ്ടാക്കുന്നവരും എന്നാൽ അനുഷ്ഠാനങ്ങളിൽ കുറവ് വരുത്താത്തവരും ആയവരെ ചിന്തിപ്പിക്കേണ്ടതാണ് ഈ പ്രവാചകവചനങ്ങൾ.

യഥാർത്ഥമായി ഉപവസിക്കുന്നവരുടെ കാര്യത്തിൽ എന്ത് സംഭവിക്കുമെന്നും പ്രവാചകനിലൂടെ ദൈവം അരുളിച്ചെയ്യുന്നുണ്ട്. *അപ്പോൾ നിന്റെ വെളിച്ചം പ്രഭാതം പോലെ പൊട്ടിവിരിയും. നീ വേഗം സുഖം പ്രാപിക്കും. നിന്റെ നീതി നിന്റെ മുമ്പിലും കർത്താവിന്റെ മഹത്വം നിന്റെ പിൻപിലും നിന്നെ സംരക്ഷിക്കും. നീ പ്രാർത്ഥിച്ചാൽ കർത്താവ് ഉത്തരമരുളും. നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ എന്ന് അവിടുന്ന് മറുപടി തരും. മർദ്ദനവും കുറ്റാരോപണവും ദുർഭാഷണവും നിന്നിൽ നിന്ന് ദൂരെയകറ്റുക. വിശക്കുന്നവർക്ക് ഉദാരമായി ഭക്ഷണം കൊടുക്കുകയും പീഢിതർക്ക് സംതൃപ്തി നൽകുകയും ചെയ്താൽ നിന്റെ പ്രകാശം അന്ധകാരത്തിൽ ഉദിക്കും. നിന്റെ ഇരുണ്ട വേളകൾ മദ്ധ്യാഹ്നം പോലെയാകും. കർത്താവ് നിന്നെ നിരന്തരം നയിക്കും. മരുഭൂമിയിലും നിനക്ക് സമൃദ്ധി നൽകും. നിന്റെ അസ്ഥികളെ ബലപ്പെടുത്തും. നനച്ച്*

*വളർത്തിയ പൂന്തോട്ടവും വറ്റാത്ത നീരുറവയും പോലെ ആകും നീ.* (ഏശയ്യാ 58:8-11).

മറ്റ് വാക്കുകളിൽ പറഞ്ഞാൽ മേൽപ്പറഞ്ഞ കാര്യങ്ങൾ നമ്മുടെ വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും സംഭവിക്കുന്നില്ലെങ്കിൽ അതിനർത്ഥം പ്രശ്നം നമ്മളിൽ തന്നെയാണെന്നാണ്. ഈ നോമ്പു കാലത്ത് നാം നമ്മളിലേയ്ക്ക് തന്നെ തിരിഞ്ഞു നോക്കണം. ആത്മാർത്ഥ മായി ആത്മശോധന ചെയ്യണം: എവിടെയാണ് എനിക്ക് പിശക് പറ്റിയ തെന്നും, എവിടെയാണ് ഞാൻ മാറേണ്ടതെന്നും. അപ്രകാരമുള്ള ഒരു മനംമാറ്റത്തിലേക്കും മാനസാന്തരത്തിലേയ്ക്കും നയിക്കുന്നതാകണം നമ്മുടെ നോമ്പാചരണം.

വലിയ നോമ്പിൽ ഭക്ഷണപാനീയങ്ങളിൽ നിയന്ത്രണം പാലിച്ച് പ്രാർത്ഥിച്ച് ഒരുങ്ങി പ്രത്യേകവേഷവും ധരിച്ച് കാൽനടയായും അല്ലാ തെയും മലയാറ്റൂർ തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് തീർത്ഥാടനം നട ത്തുന്നവർ നമ്മുടെയിടയിൽ ധാരാളമുണ്ട്. ചിലരാകട്ടെ മരക്കുരിശും വഹിച്ചാണ് പോകുന്നത്. കർത്താവ് കുരിശ് ചുമന്ന് കാൽവരിയിലേയ്ക്ക് പോയതിന്റെ ഓർമ്മയാണ് ഇവിടെ ആചരിക്കപ്പെടുന്നത്. എന്നാൽ നാമൊന്ന് ഓർക്കേണ്ടതുണ്ട്. ഒരു മരക്കുരിശെടുക്കാനോ, നമ്മുടെ കഷ്ട പ്പാടുകൾ ചുമക്കാനോ മാത്രമല്ല കർത്താവ് നമ്മോട് ആവശ്യപ്പെടുന്നത്. കുരിശെടുക്കുന്നതിനെപ്പറ്റി പറയുന്ന ഭാഗം വി. സുവിശേഷത്തിൽ നാം ഇപ്രകാരം വായിക്കുന്നു: *യേശു ശിഷ്യന്മാരോട് അരുളിച്ചെയ്തു: ആരെ ങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെ ത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ* (മ ത്തായി 16:24). മരിക്കാൻ ഒരുങ്ങി ജെറുസലേമിലേക്ക് പോകുന്ന സമ യത്താണ് യേശു ഇത് പറയുന്നത്. കുരിശ് അവിടുത്തേക്ക് മരിക്കാ നുള്ള ഉപകരണമാണ്. അപ്പോൾ കുരിശെടുക്കുക എന്ന് പറഞ്ഞാൽ മരിക്കാനുള്ള ഉപകരണം എടുക്കുക എന്നാണർത്ഥം. എന്നാൽ ഒരു ശാരീരികമരണത്തെപ്പറ്റിയല്ല അവിടുന്ന് പറയുന്നത് എന്നു നാം ശ്രദ്ധി ക്കണം. എന്നിലെ ഞാൻ അഥവാ അഹം മരിച്ച് അവിടെ ദൈവം ജീവി ക്കണം എന്നാണ് കർത്താവ് പറയുന്നത്. എന്റെ ആഗ്രഹങ്ങളല്ല ദൈവത്തിന്റെ ഇഷ്ടമാണ് ഞാൻ നിർവ്വഹിക്കേണ്ടത്. നമ്മിലെ താൻപോരിമ ഇല്ലാതാക്കണം. അപ്പോൾ നാം കുരിശെടുത്തു എന്ന് പറയാം. വി. പൗലോസിനെപ്പോലെ നമുക്കും അപ്പോൾ പറയാൻ കഴിയും: *ഇനി ഞാനല്ല, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്.*

കുരിശ് ചുമന്ന് തീർത്ഥാടനത്തിന് പോകുന്നവരുടെ ജീവിതത്തിൽ ഇപ്രകാരം സംഭവിക്കുമ്പോഴാണ് പ്രതീകാത്മകമായി അവർ ചെയ്യുന്ന പ്രവൃത്തിയ്ക്ക് അർത്ഥമുണ്ടാകുന്നത്. നോമ്പെടുക്കുന്ന നമ്മിൽ എല്ലാവരിലും സംഭവിക്കേണ്ടതാണ് ഇത്. അപ്പോൾ നമ്മുടെ വ്യക്തിജീവിതവും സമൂഹജീവിതവും സന്തോഷപ്രദമാകും. ഇതിനുള്ള പരിശീലന കാലമാണ് നോമ്പ് എന്ന് പറയാം.

യഥാർത്ഥക്രൈസ്തവജീവിതം പരിശീലിക്കുന്നതിനുള്ള അവസരമായി ഈ നോമ്പുകാലം മാറട്ടെയെന്ന് ഞാൻ ആത്മാർത്ഥമായി ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതുപോലെതന്നെ നോമ്പുകാലത്തിന്റെ അവസാനം ആഘോഷിക്കപ്പെടുന്ന ഉയിർപ്പു തിരുനാളിന്റെ മംഗളങ്ങൾ നിങ്ങൾക്കെല്ലാവർക്കും മുൻകൂട്ടി നേരുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2011 ഫെബ്രുവരി മാസം 20 ന് നൽകപെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2011 മാർച്ച് 6–ാം തീയതി വി.കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 2/2011***
***Prot. No.10446/2011***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

കത്തോലിയ്ക്കാവിശ്വാസികളുടെ ജീവിതത്തിൽ വൈദികരുടെ സ്ഥാനം വളരെ പ്രധാനപ്പെട്ടതാണ് എന്ന് ഞാൻ പറയാതെ തന്നെ നിങ്ങൾക്കറിയാമല്ലോ. കാരണം നമ്മുടെ വിശ്വാസജീവിതത്തിന്റെ കേന്ദ്ര ബിന്ദു പരിശുദ്ധ കുർബാനയാണ്. ആ പരിശുദ്ധ കുർബാന സാധ്യമാക്കുന്ന ദൈവീകസ്ഥാപനമാണ് പൗരോഹിത്യം. നാം പലപ്പോഴും വേണ്ട വണ്ണം ചിന്തിയ്ക്കാത്ത ഒരു കാര്യമാണിത്. സഭയിൽ നിന്ന് പൗരോഹിത്യം അപ്രത്യക്ഷമായാൽ പരിശുദ്ധ കുർബാന അപ്രത്യക്ഷമാകും. അതോടെ സഭയും. മാത്രമല്ല ആരാധനാസമൂഹത്തിന്റെയും നമ്മുടെ സമുദായത്തിന്റെ തന്നേയും നേതൃത്വനിരയാണ് വൈദികർ. വൈദികരുടെ അഭാവം അനുഭവപ്പെടുന്ന പാശ്ചാത്യരാജ്യങ്ങളിൽ സഭയ്ക്ക് വന്നു ഭവിച്ചിരിക്കുന്ന ദുരവസ്ഥ നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. അവിടെ പള്ളികളും ഇടവകകളും സാവധാനം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. കാരണം കുട്ടികൾക്കും യുവജനങ്ങൾക്കും മറ്റും ക്രൈസ്തവരൂപീകരണം കൊടുക്കാനായി ആവശ്യത്തിന് വൈദികരില്ല. സമർപ്പിതരുമില്ല. സമൂഹത്തിൽ വന്നുകൊണ്ടിരിക്കുന്ന അക്രൈസ്തവ സ്വാധീനങ്ങളെപ്പറ്റി അവർക്ക് മുന്നറിയിപ്പ് കൊടുക്കാനും അവർക്ക് വിശ്വാസ പരിശീലനം ഉറപ്പ് വരുത്താനും ആവശ്യത്തിന് വൈദികർ ഇല്ലെന്ന് മാത്രമല്ല, ഉള്ളവർ ഇന്നത്തെ തലമുറയെ നേരിടാൻ പര്യാപ്തമായ പരിശീലനം കിട്ടിയവരുമല്ല, കാരണം അവർ ഏറിയ പങ്കും പ്രായം ചെന്നവരാണ്.

മേൽ വിവരിച്ച സ്ഥിതിവിശേഷം നമ്മുടെ സഭയിലും പ്രത്യക്ഷപ്പെട്ട് തുടങ്ങിയെന്നത് നമ്മെ അസ്വസ്തരാക്കേണ്ടതാണ്. കുട്ടികൾ വൈദികജീവിതത്തിലേയ്ക്ക് കടന്നുവരാൻ മടി കാണിക്കുന്നതിന്റെ കാരണമായി പലരും പറഞ്ഞു കേൾക്കുന്നത് കുട്ടികളുടെ കുറഞ്ഞു വരുന്ന എണ്ണമാണ്. അത് ഒരു കാരണം മാത്രമാണ് എന്നാണ് എനിക്ക് തോന്നുന്നത്. പ്രധാന കാരണങ്ങൾ മറ്റ് ചിലതാണ് എന്ന് വേണം കരുതാൻ. മുൻ കാലങ്ങളിൽ കുട്ടികളുടെ ക്രൈസ്തവരൂപീകരണം ഏറിയ

പങ്കും നടന്നിരുന്നത് കുടുംബങ്ങളിലാണ്. അക്കാര്യത്തിൽ മാതാപിതാക്കൾ വളരെയധികം ശ്രദ്ധ കാണിച്ചിരുന്നു. കുട്ടികൾ പ്രത്യേകിച്ച് ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും എങ്കിലും വി. കുർബാനയിൽ സംബന്ധിക്കുന്നുണ്ടെന്നും വിശ്വാസപരിശീലന ക്ലാസുകളിൽ പോകുന്നുണ്ടെന്നും അവർ ഉറപ്പുവരുത്തിയിരുന്നു. കൃത്യമായി ചൊല്ലിയിരുന്ന കുടുംബപ്രാർത്ഥനകൾ അവരുടെ വിശ്വാസജീവിതത്തെ പുഷ്ടിപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിച്ചിരുന്നു. ടെലിവിഷനും, ഇന്റർനെറ്റും, മൊബൈൽ ഫോണും ഒന്നും ഇല്ലാതിരുന്ന ആ കാലഘട്ടത്തിൽ വിശ്വാസജീവിതം ഉറപ്പാക്കുക താരതമ്യേന എളുപ്പമായിരുന്നു താനും. മാത്രമല്ല ട്യൂഷൻ, കോച്ചിംഗ്ക്ലാസ്സുകൾ തുടങ്ങിയവ പോലുള്ള കാര്യങ്ങളും അന്നുണ്ടായിരുന്നില്ല. എന്നാൽ പഠനത്തിലുപരിയായി വിശ്വാസ ജീവിതത്തിന് മാതാപിതാക്കൾ പ്രാധാന്യം കൊടുത്തിരുന്നു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

വിശ്വാസപരിശീലനം മാതാപിതാക്കളുടെ കൈകളിൽ സുരക്ഷിതമായിരുന്നതിനാൽ ഇടവകയിൽ വികാരിയച്ചന്മാർക്ക് കാര്യങ്ങൾ എളുപ്പമായിരുന്നു. എന്നാൽ ആ സ്ഥിതി വളരെയധികം മാറിക്കഴിഞ്ഞു. മാതാപിതാക്കളിൽ ഏറിയ പങ്കിനും പല കാരണങ്ങളാൽ തങ്ങളുടെ കുട്ടികളെ ശരിയായ രീതിയിൽ വിശ്വാസജീവിതത്തിൽ വളർത്താൻ കഴിയുന്നില്ല എന്നതാണ് സത്യം. അവർക്ക് തന്നെ വിശ്വാസ ജീവിതത്തിൽ ഉണ്ടായിട്ടുള്ള മാന്ദ്യതയും അതിന് കാരണമാണ്. അതേസമയം ഇടവകയിൽ വൈദികർക്ക് ജോലികൾ വർദ്ധിക്കുകയും അവർക്ക് കുട്ടികളുടെയും മറ്റും കാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിനുള്ള അവസരം കുറഞ്ഞു വരുകയും ചെയ്തിരിക്കുന്നു. കുട്ടികളെ ഇടവകപ്പള്ളിയിൽ കിട്ടുന്ന സമയവും കുറവാണല്ലോ.

ഈ സ്ഥിതിയിൽ മാതാപിതാക്കൾ കൂടുതലായി ശ്രദ്ധിക്കണം. എങ്കിൽ മാത്രമേ കുട്ടികൾ വിശ്വാസജീവിതത്തിൽ വളരുകയും വൈദിക ജീവിതത്തിലേയ്ക്കും സമർപ്പിതജീവിതത്തിലേയ്ക്കും മറ്റും പ്രവേശിക്കാൻ താൽപ്പര്യപ്പെടുകയും ചെയ്യുകയുള്ളൂ. മിക്ക കുടുംബങ്ങളിലും രണ്ട് കുട്ടികൾ മാത്രമേ ഇന്നുള്ളു. അതിൽ ഒന്ന് മാത്രമായിരിക്കും ആൺകുട്ടി. അവൻ വൈദികനായാൽ തങ്ങളുടെ വാർദ്ധക്യത്തിൽ തങ്ങളെ ആര് സംരക്ഷിയ്ക്കും എന്ന ചിന്തയും ചില മാതാപിതാക്കളെ അലട്ടുന്നുണ്ടാകും. എന്നാൽ മാതാപിതാക്കൾ ഒന്നോർക്കേണ്ടതുണ്ട്. ആ ഒരു മകൻ പോലും നിങ്ങളുടെ വാർദ്ധക്യത്തിൽ നിങ്ങളോടൊത്ത് ഉണ്ടാകണമെന്നില്ല. ഒരു പരിധിവരെ അതിന്റെ ഉത്തരവാദിത്വവും മാതാപിതാക്കളുടെ ഭാഗത്ത് തന്നെയാണ്. താൻ ആവശ്യപ്പെടുന്ന എന്തും

മാതാപിതാക്കളിൽ നിന്ന് കിട്ടുകയും ശിക്ഷണങ്ങൾക്ക് വിധേയനാകാതിരിക്കുകയും ചെയ്യുന്ന ഒരു കുട്ടി മാനുഷിക ഗുണങ്ങളിൽ ഏറെ പിന്നിലായിരിക്കും. അതിന്റെ കൂടെ ദൈവവിശ്വാസത്തിന്റെ അഭാവം കൂടിയാകുമ്പോൾ ചിത്രം പൂർണ്ണമായി. അതിസ്വാർത്ഥനായ ഒരു വ്യക്തിയായിരിക്കും രൂപപ്പെടുന്നത്. ആരേയും, മാതാപിതാക്കളെപ്പോലും, സഹായിക്കാൻ ആ വ്യക്തി തയ്യാറാകുകയില്ല. കത്തോലിയ്ക്കാ ധാർമ്മികത എന്നല്ല സ്വാഭാവിക ധാർമ്മികമൂല്യങ്ങൾ പോലും ഉൾകൊള്ളാതെ വളരുന്ന ആ വ്യക്തി പ്രായമായ മാതാപിതാക്കളെ ഉപയോഗശൂന്യമായ വസ്തുക്കളായിട്ടായിരിക്കും പരിഗണിക്കുന്നത്.

ഇടവകയിൽ സേവനം ചെയ്യുന്ന സമർപ്പിതസമൂഹങ്ങളും കുട്ടികൾ വൈദികജീവിതത്തിലേയ്ക്ക്, പ്രത്യേകിച്ച് രൂപതാവൈദികരുടെ ജീവിതത്തിലേയ്ക്ക്, പ്രവേശിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം. കാരണം സമർപ്പിതസമൂഹങ്ങളുടെ നിലനിൽപ്പ് ഇടവകയിലെ കുടുംബങ്ങളെ ആശ്രയിച്ചാണ് നിൽക്കുന്നത്. നല്ല ഇടവകവികാരിയുള്ളിടത്തേ നല്ല ക്രൈസ്തവകുടുംബങ്ങൾ കെട്ടിപ്പടുക്കുകയുള്ളു. നല്ല കുടുംബങ്ങളിൽ നിന്നേ കുട്ടികൾ സമർപ്പിതജീവിതത്തിലേയ്ക്കും വൈദികജീവിതത്തിലേയ്ക്കും പ്രവേശിക്കുകയുള്ളു. അഥവാ നല്ല കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്കേ നല്ല സമർപ്പിതരും വൈദികരും ആകാൻ കഴിയുകയുള്ളു.

ഞാൻ മുമ്പ് സൂചിപ്പിച്ചതുപോലെ വികാരിയച്ചന്മാരുടെ ജോലിഭാരം വളരെയധികം വർദ്ധിച്ചിരിക്കുന്നു. മാത്രമല്ല പുതിയ തലമുറയെ വിശ്വാസത്തിൽ പരിശീലിപ്പിക്കാനുള്ള പാടവവും എല്ലാവർക്കും ഉണ്ടാകണമെന്നില്ല. ഈ സന്ധിയിൽ സമർപ്പിതരുടെ സേവനം കൂടുതലായി ഇടവകകളിൽ ഉണ്ടാകണം. അത് കേവലം കുടുംബസന്ദർശനങ്ങളിലും മതബോധന ക്ലാസുകൾ എടുക്കുന്നതിലും ഒതുങ്ങി നിൽക്കുന്നില്ല. അക്കാര്യങ്ങളിൽ പോലും ആവശ്യമായ പരിശീലനം നേടിയവരല്ലെങ്കിൽ കുട്ടികളുടെ അടുത്ത് സ്വീകാര്യത ഉണ്ടാകുകയില്ല. തങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കാനും പ്രശ്നങ്ങളിൽ തങ്ങളെ സഹായിക്കാനും കഴിയാത്തവരെ അവർ അവഗണിക്കുന്നത് സ്വാഭാവികം മാത്രം.

സ്കൂൾ വർഷം തീരാൻ പോകുകയാണല്ലോ. പത്താം ക്ലാസ്സിലും പന്ത്രണ്ടാം ക്ലാസ്സിലും പഠിക്കുന്ന സത്സ്വഭാവികളും മിടുക്കരുമായ ആൺകുട്ടികളെ സെമിനാരിയിലേക്ക് പറഞ്ഞു വിടുന്ന കാര്യത്തിൽ മാതാപിതാക്കളും ബഹുമാനപ്പെട്ട വികാരിയച്ചന്മാരും ശ്രദ്ധിക്കണം. നമ്മുടെ രൂപതാ മൈനർ സെമിനാരിയിലേയ്ക്ക് ഇപ്പോൾ തന്നെ അപേക്ഷ അയ്ക്കാവുന്നതാണ്. അതിനായി പരീക്ഷകൾ തീരാൻ

കാത്തിരിക്കേണ്ടതില്ല. അപേക്ഷകൾ ബഹുമാനപ്പെട്ട റെക്ടറച്ചന്റെ പേരിൽ അയയ്ക്കുക. അദ്ദേഹത്തിന്റെ വിലാസം: Rev. Fr. Thomas Kachirayil, Mount Mary College, PB No. 1, Mananthavady 670 645. നിങ്ങൾക്ക് അച്ചനെ ഫോണിലും ബന്ധപ്പെടാവുന്നതാണ്. നമ്പർ: 9446892434. അപേക്ഷകൾ വെള്ളക്കടലാസിൽ എഴുതി നിങ്ങളുടെ ഇട വക വികാരിയച്ചന്റെ സാക്ഷ്യത്തോടുകൂടി അയയ്ക്കണം. അതിവിടെ കിട്ടിക്കഴിയുമ്പോൾ വിശദമായ മറ്റൊരു അപേക്ഷാഫോറം അയച്ചുതരും. അത് പിന്നീട് അയച്ചുകൊടുത്താൽ മതി. സ്കൂൾ അടച്ചുകഴിയുമ്പോൾ ദൈവവിളി ക്യാമ്പും മറ്റും ഉണ്ടാകും. അതിലും നിങ്ങൾ പങ്കെടുക്കണം.

നമ്മുടെ രൂപതയ്ക്കായി ഈ വർഷം 54 മൈനർ സെമിനാരി ക്കാരും 36 മേജർ സെമിനാരിക്കാരും ആണ് ഉള്ളത്. അതുപോലെ 22 പേർ തങ്ങളുടെ ബിരുദാനന്തരബിരുദപഠനവും നടത്തുന്നുണ്ട്. 7 പേർ അടുത്ത സ്കൂൾ വർഷത്തിൽ തിരികെ വന്ന് ദൈവശാസ്ത്രപഠനത്തി നായി ഒരുങ്ങുന്നുണ്ട്. നമ്മുടെ രൂപതയ്ക്കായി അഞ്ച് പേരാണ് ഈ വർഷം വൈദികപട്ടം സ്വീകരിച്ചത്.

മുൻകാലങ്ങളിൽ സെമിനാരിയിലെ ചെലവുകൾ വഹിച്ചിരുന്നത് ചില വിദേശ ഏജൻസികളുടെ സഹായത്താലായിരുന്നു. എന്നാൽ ആഗോളസാമ്പത്തികമാന്ദ്യവും മറ്റും മൂലം ഈ ഏജൻസികൾക്ക് കിട്ടുന്ന സംഭാവനകൾ വളരെയേറെ കുറഞ്ഞു പോയി. അതിനാൽ അവർ തരുന്ന തുക കൊണ്ട് മാത്രം കുട്ടികളുടെ ചെലവുകൾ നടക്കു കയില്ല. പ്രാദേശികമായി നാം പണം കണ്ടെത്തിയേ മതിയാകൂ. മൈനർ സെമിനാരിയിൽ ഒരു കുട്ടിയ്ക്ക് ഏകദേശം 30000 രൂപയും മേജർ സെമി നാരിയിൽ ഏകദേശം 25000 രൂപയും ചെലവാകുന്നു. അങ്ങനെ ഒരു വർഷം നമുക്കാവശ്യം 2170000 രൂപയാണ്. ഏതാനും വ്യക്തികൾ ഇപ്പോൾ തന്നെ കുട്ടികളുടെ ചെലവിലേയ്ക്ക് സംഭാവനകൾ തരു ന്നുണ്ട്. അതുപോലെ ഏതാനും ചില സന്യാസിനീസമൂഹങ്ങളും അങ്ങനെ ചെയ്യുന്നുണ്ട്. അവരെയെല്ലാം ഏറെ നന്ദിയോടെ ഓർക്കു ന്നു. എന്നാൽ അവർ തരുന്നതുകൊണ്ട് ഭാഗികമായി മാത്രമേ ചെലവു കൾ നടത്താൻ കഴിയുന്നുള്ളു എന്നതുകൊണ്ട് നാം ഇനിയും ഇക്കാ ര്യത്തിൽ കൂടുതൽ ഉദാരമതികളാകേണ്ടിയിരിക്കുന്നു.

പല വേദികളിലും ഇക്കാര്യം നമ്മൾ ചർച്ച ചെയ്തു കഴിഞ്ഞു. വൈദികവിദ്യാർത്ഥികളുടെ പരിശീലനച്ചെലവ് ഇടവകകൾ പങ്കു വയ്ക്കുക എന്ന ആശയത്തിലാണ് ഒടുവിൽ നാം എത്തിച്ചേർന്നിരിക്കു ന്നത്. ചില ഇടവകകൾ ഇപ്പോൾ തന്നെ ഒരു കുട്ടിയ്ക്ക് ആവശ്യമായ തുക സമാഹരിച്ച് ഓരോ വർഷവും തരുന്നുണ്ട്. അങ്ങനെ പഠിക്കുന്ന

കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ തുക കിട്ടത്തക്കവിധം എല്ലാ ഇടവകകളും സഹകരിക്കണം എന്നാണ് തീരുമാനം. അതേപ്പറ്റി വിശദമായി പിന്നീട് അറിയിക്കുന്നതാണ്.

ഏതാനും വർഷമായി വൈദികവിദ്യാർത്ഥികളുടെ പരിശീലന ച്ചെലവിനായി നാം ഒരു പൊതുസംഭാവനസമാഹരണം നടത്തു ന്നുണ്ടല്ലോ. ഈ വർഷം അത് മാർച്ച് 20-ന് ഞായറാഴ്ചയാണ് നട ത്തേണ്ടത്. ഇക്കാര്യം ബഹുമാനപ്പെട്ട വികാരിയച്ചന്മാർ മുൻകൂട്ടി പള്ളി യിൽ പറയുകയും അന്നേദിവസം കിട്ടുന്ന തുക എത്രയും വേഗം രൂപ താകേന്ദ്രത്തിൽ എത്തിക്കാൻ ശ്രമിക്കുകയും ചെയ്യണം എന്നഭ്യർത്ഥി ക്കുന്നു. നിങ്ങളുടെ സംഭാവനകൾക്ക് മുൻകൂട്ടി നന്ദി പറയുന്നു. നിങ്ങൾ കൊടുക്കുന്ന ഓരോ പൈസയും നിങ്ങൾക്ക് ദൈവാനുഗ്രഹത്തിന്റെ ചാലുകളാകും എന്നത് നിസംശയമാണ്. നിങ്ങൾക്കും നിങ്ങളുടെ കുടും ബങ്ങൾക്കും വലിയ അനുഗ്രഹങ്ങൾ അതുവഴി ലഭ്യമാകും. നിങ്ങളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേറ്റാൻ ആവശ്യത്തിന് വൈദികർ ഉണ്ടാ കുകയും ചെയ്യും. ഉദാരമായി ഏവരും സംഭാവന ചെയ്യുക. കർത്താ വിന്റെ കൃപ നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2011 ഫെബ്രുവരി 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2011 മാർച്ച് മാസം 13-ാം തീയതി വി.കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ട താണ്.**

NOT TO BE SERVED,
BUT TO SERVE

**JOSE PORUNNEDOM**
**BISHOP OF MANANTHAVADY**

***Circular No. 3/2011***
***Prot. No.10551/2011***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

അനുദിനം വർദ്ധിച്ചുവരുന്ന ജീവിതചെലവ് കണക്കിലെടുത്ത് ബഹു. വൈദികർ, പള്ളിജീവനക്കാർ എന്നിവരുടെ അലവൻസും അതുപോലെ പടിസാധനവും വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം 2011 മാർച്ച് 10–ാം തീയതി ചേർന്ന രൂപതാ ആലോചനാ സമിതിയോഗത്തിൽ ചർച്ച ചെയ്ത് ആവശ്യമായ തീരുമാനങ്ങൾ എടുത്തു. അതനുസരിച്ച് ബഹു. വൈദികരുടെ അലവൻസ് 2011 ഏപ്രിൽ 1 മുതൽ 5000 രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു. മഠത്തിൽ നിന്നും ഭക്ഷണം കഴിക്കുന്ന വൈദികർ ഭക്ഷണ ചെലവിലേയ്ക്കായി 2000 രൂപ ബഹു. സിസ്റ്റേഴ്സിന് നൽകേണ്ടതാണ്.

2011 ഏപ്രിൽ 1 മുതൽ അൾത്താര ശുശ്രൂഷികളുടെയും (കപ്യാർ) സെക്രട്ടറിമാരുടെയും (അക്കൗണ്ടന്റ്) ഇപ്പോൾ നിലവിലുള്ള അടിസ്ഥാന ശമ്പളത്തോടൊപ്പം ഓരോ ഗ്രേഡിലും 10 ഇൻക്രിമെന്റ് കൂടി വർദ്ധിപ്പിച്ച് അടിസ്ഥാന ശമ്പളം പുതുക്കി നിശ്ചയിക്കുന്നു.

**അൾത്താര ശുശ്രൂഷികൾ (കപ്യാർ)**

| ഗ്രേഡ് | പുതുക്കിയ അടിസ്ഥാന ശമ്പളം | ഇൻക്രിമെന്റ് |
|---|---|---|
| A | 2550 | 50 |
| B | 2040 | 40 |
| C | 1530 | 30 |
| D | 1050 | 20 |
| E | 560 | 10 |

**സെക്രട്ടറിമാർ (അക്കൗണ്ടന്റ്)**

| ഗ്രേഡ് | പുതുക്കിയ അടിസ്ഥാന ശമ്പളം | ഇൻക്രിമെന്റ് |
|---|---|---|
| A | 1275 | 25 |
| B | 1020 | 20 |
| C | 765 | 15 |
| D | 510 | 10 |
| E | 435 | 10 |

വൈദികർ സ്ഥിരതാമസമുള്ളതും ദിവസവും വി.കുർബാനയുള്ളതുമായ E ഗ്രേഡിൽപ്പെട്ട പള്ളികളിൽ സ്ഥിരമായി അൾത്താര ശുശ്രൂഷിയുണ്ടെങ്കിൽ D ഗ്രേഡിലുള്ള അൾത്താര ശുശ്രൂഷികൾക്ക് കൊടുക്കേണ്ട ശമ്പളം കൊടുക്കേണ്ടതാണ്. ഇടവകയിൽ മുഴുവൻ സമയ സെക്രട്ടറിമാരുണ്ടെങ്കിൽ പള്ളിപ്രതിനിധിയോഗത്തിലോ പൊതുയോഗത്തിലോ തീരുമാനിച്ച് രൂപതാ കച്ചേരിയുടെ അനുവാദത്തോടെ ശമ്പളത്തിന്റെ തുക നിശ്ചയിക്കാവുന്നതാണ്. പൊതുവായി നിശ്ചയിക്കുന്ന സംഖ്യയിൽ കൂടുതലായ തുക നൽകേണ്ട പ്രത്യേക സാഹചര്യമുണ്ടെങ്കിൽ രൂപതാ കച്ചേരിയുടെ അനുവാദത്തോടെ നൽകുകയും കണക്കെഴുതുമ്പോൾ അധിക തുക പ്രത്യേക ആനുകൂല്യമായി ചേർക്കുകയും ചെയ്യേണ്ടതാണ്.

ബഹു. വൈദികർ തിരുനാളിനോടനുബന്ധിച്ചും മറ്റും നൊവേനയ്ക്കായി നിശ്ചിത തുക വാങ്ങിക്കുകയാണെങ്കിൽ ഓരോ തുകയ്ക്കും ഓരോ നൊവേന തന്നെ ചൊല്ലേണ്ടതാണ്. അങ്ങനെ ചൊല്ലാൻ സാധിക്കാത്തപക്ഷം അക്കാര്യം വ്യക്തമായി അവരെ അറിയിച്ച് പണം വാങ്ങാതിരിയ്ക്കണം. തിരുനാളിനോടനുബന്ധിച്ച് ഓരോ ദിവസത്തെയും ചിലവിനോ തിരുനാളിന്റെ പൊതുചിലവിനോ കാഴ്ചവയ്പായോ സംഭാവനയായോ പ്രസുദേന്തിമാരിൽ നിന്നും മറ്റും തുക സ്വീകരിക്കുന്നതിന് തടസ്സമില്ല. എന്നാൽ ഇങ്ങനെ സ്വീകരിക്കുമ്പോൾ ഇവർക്ക് ഓരോരുത്തർക്കും വേണ്ടി വി.കുർബാനയും നൊവേനയും അർപ്പിക്കുകയില്ലായെന്നും ഇവർക്കുവേണ്ടി വി. കുർബാനയിലും നൊവേനയിലും പ്രത്യേകമായി പ്രാർത്ഥിക്കുന്നതായിരിക്കുമെന്നും ദൈവജനത്തെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

ഇതോടൊപ്പം 2007 ലെ മാനന്തവാടി രൂപതാ നിയമാവലിയിൽ ദേവാലയ ശുശ്രൂഷികളുടെയും അക്കൗണ്ടന്റിന്റെയും ശമ്പളം എന്ന തലക്കെട്ടിൽ നമ്പർ 7 ഉം നമ്പർ 14 ഉം താഴെ പറയുന്ന വിധം ഭേദഗതി ചെയ്തിരിക്കുന്നു. ***റിട്ടയർ ചെയ്യുമ്പോൾ സേവനം ചെയ്ത വർഷ***

***ങ്ങൾക്ക് പ്രതിവർഷം അരമാസത്തെ ശമ്പളം (ഏറ്റവും ഒടുവിൽ ലഭിച്ച പ്രകാരം) ആനുകൂല്യമായി നൽകേണ്ടതാണ്.*** (ഇതി *ലേയ്ക്ക് പരിഗണിക്കുന്ന പരമാവധി സർവ്വീസ് 25 വർഷമായിരിക്കും എന്ന വകുപ്പ് റദ്ദ് ചെയ്യുന്നു.* പകരം എത്ര വർഷം സേവനം ചെയ്തുവോ അത്രയും വർഷം കണക്കാക്കി ആനുകൂല്യം നൽകേണ്ടതാണ്.)

ദേവാലയ ശുശ്രൂഷിയ്ക്കും അക്കൗണ്ടന്റിനും 13-ാം മാസത്തെ ശമ്പളം കൊടുക്കുവാനും അത് സംയുക്തമായി ബഹു. വികാരിയുടെയും ദേവാലയ ശുശ്രൂഷിയുടെ/അക്കൗണ്ടന്റിന്റെയും അക്കൗണ്ടിൽ ബാങ്കിൽ നിക്ഷേപിക്കാനും എല്ലാവർഷവും ഏപ്രിൽ 1 മുതൽ ഇൻക്രിമെന്റ് നൽകുവാനും ക്രിസ്തുമസ്സിനും ഈസ്റ്ററിനും പ്രധാന തിരുനാളിനും ശമ്പളത്തിന്റെ 10 ശതമാനം ഫെസ്റ്റിവൽ അലവൻസായി നൽകുവാനും (സെക്രട്ടറിയ്ക്ക് ബാധകമല്ല) ബഹു. വൈദികർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പുതുക്കിയ പടിസാധനങ്ങൾ താഴെ ചേർക്കുന്നു. ഇതനുസരിച്ച് ഓരോ ദിവസവും നടത്തപ്പെടുന്ന തിരുക്കർമ്മങ്ങളുടെയും കണക്ക് പ്രത്യേകം സൂക്ഷിക്കുകയും മാസാവസാനം അത് കൊടുക്കേണ്ടവർക്ക് കൊടുത്ത് രസീത്, വൗച്ചർ വാങ്ങുകയും ചെയ്യാൻ ബഹു. വികാരിമാർ ശ്രദ്ധിക്കണം.

## പടിസാധനം 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നത്

| തിരുക്കർമ്മങ്ങൾ | പള്ളിക്ക് | കാർമ്മികന് | സഹകാർമ്മികന് | കപ്യാർക്ക് | പാട്ടുകാർക്ക് | ആകെ |
|---|---|---|---|---|---|---|
| ഒറ്റകുർബാന | | 50 | | | | 50 |
| പാട്ടുകുർബാന | | 60 | | 20 | 20 | 100 |
| ഗ്രിഗോറിയൻ ഒറ്റ കുർബാന | | 2500 | | | | 2500 |
| ഗ്രിഗോറിയൻ പാട്ടുകുർബാന | | 5000 | | | | 5000 |
| റാസ | | 60 | 40 x 3 | 30 | 40 | 250 |
| ചെറിയ ഒപ്പീസ് പള്ളിയിൽ | | 14 | | 06 | | 20 |
| ചെറിയ ഒപ്പീസ് സെമിത്തേരിയിൽ | | 20 | | 10 | | 30 |
| വലിയ ഒപ്പീസ് | | 40 | | 20 | 20 | 80 |
| ലദീഞ്ഞ് | | 30 | | 20 | 30 | 80 |
| സമർപ്പണം (അടിമ) | 20 | | | | | 20 |

| | | | | | | |
|---|---|---|---|---|---|---|
| ശ്രാദ്ധം, ഊട്ട് | | 70 | | 30 | | 100 |
| വീടു വെഞ്ചരിപ്പ് അപേക്ഷപ്രകാരം | | 70 | | 30 | | 100 |
| കൊടിയേറ്റ് | | 20 | | 10 | 20 | 50 |
| പ്രദക്ഷിണം സാധാരണ തിരുനാൾ | | 50 | | 20 | 30 | 100 |
| പ്രദക്ഷിണം പ്രധാന തിരുനാൾ | | 100 | | 40 | 60 | 200 |
| പ്രസംഗം | | 200 | | | | 200 |
| കഴുന്ന്, മുടി, പുഷ്പം | 20 | | | | | 20 |
| കഴുന്ന് etc. വീടുകളിൽ നിന്ന് കൊണ്ടു വരുന്നതിന് | | 70 | | 40 | 40 | 150 |
| നിത്യകുർബാന (ഒറ്റകുർബാന) 25 വർഷം | 1500 | | | | | 1500 |
| നിത്യകുർബാന (പാട്ട്) 25 വർഷം | 3000 | | | | | 3000 |
| നൊവേന | 60 | | | | | 60 |
| അന്നീദ | | 10 | | | | 10 |

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും മാർച്ച് 10-ാം തീയതി നൽകപ്പെട്ടത്.




**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലറിലെ പ്രസക്തഭാഗങ്ങൾ പള്ളിയിൽ അറിയിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 4/2011***
***Prot. No.11065/2011***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, മതബോധനാധ്യാപകരേ, പ്രിയപ്പെട്ട കുട്ടികളേ,

പുതിയ വിശ്വാസ പരിശീലനവർഷം നമ്മൾ മെയ് 29-ന് ആരംഭിച്ചല്ലോ. മദ്ധ്യവേനൽ അവധികഴിഞ്ഞ് സ്കൂളുകളും തുറന്നു കഴിഞ്ഞു. മാതാപിതാക്കൾക്കും കുട്ടികൾക്കും അധ്യാപകർക്കും എല്ലാം വളരെ തിരക്കേറിയ ദിവസങ്ങളാണ് കടന്നു പോകുന്നത്. തങ്ങളുടെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം കിട്ടിയില്ലെങ്കിൽ അവരുടെ ഭാവി ഇരുളടഞ്ഞതാകും എന്ന ഉത്തമബോധ്യം മാതാപിതാക്കൾക്കുണ്ട്. അതിനാൽ അതിന് വേണ്ടി എത്രമാത്രം പണം ചെലവാക്കാനും അവർ തയ്യാറാകുന്നു. എന്നാൽ ഭൗതികവിദ്യാഭ്യാസംകൊണ്ട് മാത്രം മക്കൾക്ക് നല്ല ഭാവി ഉണ്ടാകണമെന്നില്ല. സൗകര്യപ്രദമായതും ഉയർന്ന ശമ്പളമുള്ളതുമായ ജോലി കിട്ടാൻ അത് സഹായിച്ചേക്കാം. അതിനപ്പുറം അവർക്ക് മൂല്യബോധം കൊടുക്കാനോ ജീവിതത്തിലുണ്ടാകുന്ന പ്രതിസന്ധികളെ അതിജീവിയ്ക്കാനോ അത് സഹായകമായെന്ന് വരില്ല. തങ്ങൾ ഉദ്ദേശിച്ചതരത്തിലുള്ള ജോലി കിട്ടാതെ വരുന്നതും ജീവിതത്തിൽ പരാജയങ്ങൾ സംഭവിക്കുന്നതുമെല്ലാം സർവ്വസാധാരണമാണ്. മത്സരാധിഷ്ഠിതമായ ഇന്നത്തെ സമൂഹത്തിൽ അതിന് സാധ്യത ഏറെയുമാണ്. അതുപോലെ തന്നെ സ്വന്തം മാതാപിതാക്കളോടും സമൂഹത്തോടും നാടിനോടുമെല്ലാം ബാധ്യതകൾ ഉള്ളവരാണ് തങ്ങളെന്ന അവബോധവും ബോധ്യവും മക്കൾക്ക് എന്നത്തേക്കാളേറെ ഇന്ന് കിട്ടേണ്ടതുമുണ്ട്. ഇവയൊന്നും ഇന്നത്തെ രീതിയിലുള്ള കേവലം ഭൗതികവിദ്യാഭ്യാസം കൊണ്ട് കിട്ടണമെന്നില്ല. കുട്ടികളെ കിട്ടാനും, വിജയശതമാനം കൂട്ടാനുമുള്ള വ്യഗ്രതയിൽ ഇളം തലമുറയ്ക്ക് ഇത്തരം മൂല്യങ്ങൾ പറഞ്ഞു കൊടുക്കാൻ സ്ഥാപനനടത്തിപ്പുകാർ തയ്യാറായെന്നും വരില്ല.

ഈ പശ്ചാത്തലത്തിലാണ് വിശ്വാസപരിശീലനത്തിന്റെ ആവശ്യകത കടന്നു വരുന്നത്. ക്രൈസ്തവ മതബോധനത്തിന് അഥവാ വിശ്വാസപരിശീലനത്തിന് മുൻപത്തേക്കാളേറെ ഇന്ന് പ്രാധാന്യവും പ്രസക്തിയുമുണ്ട്. മുൻകാലങ്ങളിൽ വിശ്വാസമൂല്യങ്ങൾ മക്കൾക്ക് പകർന്ന് കൊടുക്കാൻ മാതാപിതാക്കൾ ഉത്സുകരായിരുന്നു എന്ന് മാത്രമല്ല അവർക്കതിന് ധാരാളം സമയവുമുണ്ടായിരുന്നു. ഈ രണ്ട് കാര്യങ്ങളും ഇന്ന് കുറവാണ് എന്ന് നമുക്കറിയാം. അതിനാൽത്തന്നെ ഇടവകയിലെ വിശ്വാസപരിശീലനത്തിന് പ്രാധാന്യം വർദ്ധിച്ചിരിക്കുന്നു. ദൈവവിശ്വാസവും മൂല്യബോധവും ഇല്ലാത്ത ഒരു തലമുറ സമൂഹത്തിന്റെ നിലനിൽപ്പിന് തന്നെ ഭീഷണിയാണ് എന്ന കാര്യത്തിൽ സംശയമില്ല. പല അനുഭവങ്ങളും അതാണ് നമ്മെ പഠിപ്പിക്കുന്നത്. കമ്മ്യൂണിസം നിലവിലിരുന്ന മുൻകിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾ ഇന്ന് അനുഭവിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി മൂല്യങ്ങൾക്ക് വിലകൽപ്പിക്കാത്ത ആളുകളാണ് എന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു. ദൈവവും ഈ ലോകത്തിനപ്പുറം ഉണ്ടെന്ന് നാം വിശ്വസിക്കുന്ന മരണാനന്തരജീവിതവും എല്ലാം കേവലം കെട്ടുകഥകളാണ് എന്ന് വന്നു കഴിയുമ്പോൾ ഈ ലോകത്തിൽ തന്നെ ഏതു മാർഗ്ഗം സ്വീകരിച്ചും സുഖം നേടുക എന്ന ചിന്തയിൽ മനുഷ്യൻ എത്തുക സ്വാഭാവികം മാത്രം. അവിടെ അപരൻ അവഗണിക്കപ്പെടുന്നതും സ്വാഭാവികം.

ഭൗതികവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ശ്രദ്ധിക്കുന്നതുപോലെ തന്നെയോ അതിലും പ്രാധാന്യം കൊടുത്തുകൊണ്ടോ വിശ്വാസപരിശീലനക്ലാസ്സുകളുടെ കാര്യത്തിലും നിങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. ഇത്തരുണത്തിൽ നമ്മുടെ രൂപതയിൽ വിശ്വാസപരിശീലന യത്നത്തിൽ ആത്മാർത്ഥമായി പങ്കുചേരുന്ന രൂപതാനേതൃത്വത്തേയും ബഹുമാനപ്പെട്ട വികാരിയച്ചന്മാരേയും കൊച്ചച്ചന്മാരേയും സമർപ്പിതരേയും മതാധ്യാപകരേയും ഞാൻ നന്ദിപൂർവ്വം അനുസ്മരിക്കുകയും അഭിനന്ദനങ്ങൾ നേരുകയും ചെയ്യുന്നു. നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് ദൈവം തന്നെ ഫലമുളവാക്കട്ടെ. ഈ മഹത്തായ സംരംഭത്തിനായി നിങ്ങൾ ചെലവഴിക്കുന്ന സമയവും ഉർജ്ജവും പണവും ഒരിക്കലും പാഴായിപ്പോകാൻ ദൈവം അനുവദിക്കുകയില്ല. ഭാവിസമൂഹത്തിന്റെ ഐശ്വര്യത്തിനും ക്ഷേമത്തിനും വേണ്ടിയുള്ള വലിയൊരു നിക്ഷേപമാണത്.

വിശ്വാസപരിശീലനരംഗത്ത് നമ്മുടെ രൂപത പല പുതിയ ചുവടുവയ്പ്പുകളും നടത്തിയിട്ടുണ്ട്. അവ മറ്റുള്ളവരുടെ മുക്തകണ്ഠം പ്രശംസയ്ക്ക് പാത്രീഭൂതമായിട്ടുമുണ്ട്.

നമ്മൾ ഏറെ കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും അവ നമ്മുടെ കുട്ടികൾക്ക് പ്രയോജനപ്രദമാകുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ഇത് സംബന്ധമായി ഏതാനും കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തട്ടെ. തങ്ങളുടെ മക്കൾ ഇടവകയിലെയും സ്കൂളിലേയും വിശ്വാസപരിശീലനക്ലാസ്സുകളിൽ പങ്കെടുക്കുന്നുണ്ട് എന്ന് മാതാപിതാക്കൾ ഉറപ്പുവരുത്തണം എന്നതാണ് അതിൽ പ്രഥമവും പ്രധാനവുമായിട്ടുള്ളത്. അതിന്റെ പ്രാധാന്യം കുറച്ചു കാണിക്കുന്ന മനോഭാവമോ വാക്കുകളോ പ്രവൃത്തികളോ നിങ്ങളുടെ ഭാഗത്ത് നിന്ന് ഉണ്ടാകാതെ സൂക്ഷിക്കണം. ട്യൂഷനും എൻട്രൻസ് കോച്ചിംഗിനും കൊടുക്കുന്നതിലും പ്രാധാന്യം വിശ്വാസപരിശീലനക്ലാസ്സുകൾക്ക് കൊടുക്കണം. വേദപാഠത്തിന് പോകണ്ടയെന്നും അതുകൊണ്ട് ജോലിയൊന്നും കിട്ടില്ല എന്നും പറഞ്ഞ് കുട്ടികളെ ട്യൂഷനും കോച്ചിംഗിനും പറഞ്ഞുവിടുന്ന മാതാപിതാക്കൾ ഭാവിയിൽ ദു:ഖിക്കേണ്ടിവരും. കാരണം അതുപോലെ തന്നെ അപ്രധാനവും ഉപയോഗശൂന്യവുമായ ഒരു വസ്തുവായി മാത്രമേ മാതാപിതാക്കളേയും അവർ കാണുകയുള്ളൂ.

ഇടവകയിലെ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും കൊച്ചച്ചന്മാരും സമർപ്പിതരും മതാധ്യാപകരും കൈക്കാരന്മാരും  കുട്ടികളുടെ വിശ്വാസപരിശീലനക്ലാസുകൾ യഥാവിധി നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും അതിൽ സമ്പൂർണ്ണസഹകരണം കൊടുക്കുകയും വേണം. അതിനുവേണ്ടി ചെലവാക്കുന്ന പണവും സമയവും ഊർജ്ജവും ഒരിക്കലും പാഴായിപ്പോകുന്നില്ല എന്ന കാര്യം നാം വിസ്മരിക്കരുത്. കുട്ടികൾക്കുള്ള വി.കുർബാന സാധിക്കുന്നിടത്തോളം 10 മണിയ്ക്ക് ആരംഭിക്കുകയാണെങ്കിൽ ഏകദേശം ഒന്നര മണിക്കൂർ സമയം വേദപാഠത്തിനായി ലഭിക്കും. അത് കിട്ടുന്നുണ്ടെന്ന് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഉറപ്പു വരുത്തണം എന്നഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ മതബോധനക്ലാസ്സുകൾക്കായുള്ള സമയം അതിനു മാത്രമായി ഉപയോഗിക്കുകയും വേണം. അങ്ങനെ ചെയ്യുകയാണെങ്കിൽ പാഠ്യഭാഗങ്ങൾ യഥാസമയം തീർക്കാൻ കഴിയും. മൂന്നും നാലും ആഴ്ചകളിൽ തുടർച്ച

യായി വേദപാഠക്ലാസ്സുകൾ മുടങ്ങിയ ചില ഇടവകകളുടെ കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതിനിയും ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

ഇടവകയിലെ എല്ലാ കുട്ടികളും നിർബന്ധമായും പന്ത്രണ്ടാം ക്ലാസ്സുൾപ്പെടെ പാസ്സാകണം എന്ന ഒരു നിർബന്ധബുദ്ധി എല്ലാവർക്കും ഉണ്ടാകണം. സംഘടനാപ്രവർത്തനങ്ങൾക്ക് മുതിർന്ന കുട്ടികൾ പോകേണ്ടതാണെങ്കിലും അത് വേദപാഠക്ലാസ്സുകൾ ബലി കഴിച്ചുകൊണ്ടാകാതിരിക്കാൻ ശ്രമിക്കേണ്ടതാണ്. മാത്രമല്ല വിശ്വാസപരിശീലനം എന്നത് യുവജനപ്രസ്ഥാനങ്ങളുടെ പ്രവർത്തനപട്ടികയിൽ ഒന്നാം സ്ഥാനത്ത് വരുകയും വേണം.

നമ്മുടെ ജീവിതത്തിൽ ദൈവവചനത്തിന്റെ പ്രാധാന്യം മനസ്സിലാക്കി വചനധയറി കൃത്യമായി പൂരിപ്പിക്കാനുള്ള ഉത്സാഹം കുട്ടികൾക്കും മാതാപിതാക്കൾക്കും ഉണ്ടാകണം. അത് കുട്ടികൾക്ക് മാത്രമല്ല മാതാപിതാക്കൾക്കും ഉപകാരപ്രദമാകും. നമ്മുടെ രൂപതയിൽ മാത്രം അവതരിപ്പിച്ച ഒരു നൂതനസംരംഭമാണത്. അത് വളരെയേറെ ഫലം ഉണ്ടാക്കിയിട്ടുണ്ടുതാനും. അതുപോലെതന്നെ പ്രധാനപ്പെട്ട മറ്റൊരു കാര്യമാണ് കുട്ടികളും അധ്യാപകരും കൗദാശികജീവിതം നയിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക എന്നത്. കുമ്പസാരത്തിന്റെ കാര്യത്തിൽ കുട്ടികളെ നിരന്തരമായി പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കണം. പാപബോധമില്ലാത്ത തലമുറ സമൂഹത്തിന് ഏറെ ദോഷം ചെയ്യും എന്ന വസ്തുത നാം ഓർക്കണം. അധ്യാപകരുടെ കാര്യത്തിലും ഇത് ബാധകമാണ്. അവർ ശരിയായ കൗദാശികജീവിതം നയിക്കുന്നവരാകണം. അവരുടെ ജീവിതം ഏവർക്കും പ്രത്യേകിച്ച് കുട്ടികൾക്ക് മാതൃകാപരമായിരിക്കണം. അധ്യാപനത്തിൽ രൂപതാകേന്ദ്രം നടത്തുന്ന പരിശീലനക്ലാസുകളിൽ പങ്കെടുത്ത് തങ്ങളുടെ അധ്യാപന വൈദഗ്ധ്യം മെച്ചപ്പെടുത്താൻ അധ്യാപകർ നിരന്തരം ശ്രദ്ധാലുക്കളായിരിക്കണം. അതിന് ആവശ്യമായ പ്രോത്സാഹനവും സാമ്പത്തികപിൻബലവും ഇടവകയിൽ നിന്ന് ലഭ്യമാക്കുന്നത് ഏറ്റവും ഉചിതമാണ് എന്ന് പറയേണ്ടതില്ലല്ലൊ.

മതാധ്യാപകരുടെ സേവനം തങ്ങളുടെ മക്കൾക്ക് കിട്ടുന്ന മഹത്തായ ഒരു പരീശീലനമാണ് എന്ന് മനസ്സിലാക്കി മാതാപിതാക്കളും മറ്റ് ഇടവകജനങ്ങളും അവരെ ആദരിക്കുകയും അവർക്ക് അർഹിക്കുന്ന

പ്രാധാന്യം കൊടുക്കുകയും ചെയ്യണം. അവരെപ്പറ്റി കുടുംബങ്ങളിൽ നല്ലത് മാത്രം സംസാരിക്കാനും അവരുടെ സേവനത്തെ ഇടിച്ചുകാണിക്കുന്ന മനോഭാവം മാതാപിതാക്കളിൽ ഉണ്ടാകാതിരിക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അവരുടെ സേവനം തികച്ചും സൗജന്യമാണ് എന്ന കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട്. അവർ അതിനു വേണ്ടി ചെലവഴിക്കുന്ന സമയവും ഊർജ്ജവും അവരുടെ കുടുംബത്തിന് വേണ്ടി ഉപയോഗിക്കാൻ സാധിക്കുമായിരുന്നതാണ്. എന്നാൽ അവരത് സന്തോഷത്തോടെ സമൂഹത്തിന് വേണ്ടി മാറ്റിവെയ്ക്കുന്നു. ഏറെ പ്രശംസാർഹമായ ഒരു കാര്യമാണ് അവർ ചെയ്യുന്നത്.

വിശ്വാസപരിശീലനമാണ് ഒരു ക്രിസ്ത്യാനിയെ ക്രൈസ്തവ വിശ്വാസം ഫലവത്തായി ജീവിക്കാൻ പഠിപ്പിക്കുന്നത്. അതിവേഗം ദൈവത്തിൽനിന്നും മതത്തിൽനിന്നും അന്യവത്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തേയും ഇനി വരാനിരിക്കുന്നതുമായ തലമുറകളെ അതിലേയ്ക്ക് തിരികെ കൊണ്ടുവരാൻ കഠിനപ്രയത്നം ചെയ്യുന്ന നിങ്ങളേവരോടും കൂടെ നമ്മുടെ കർത്താവിന്റെ കൃപ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2011 മെയ് മാസം 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2011 ജൂൺ മാസം 5-ാം തീയതി വി.കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 5/2011***
***Prot. No.11158/2011***

കർത്താവിനാൽ ഏറെ സ്നേഹിയ്ക്കപ്പെട്ട പ്രിയപ്പെട്ട കുട്ടികളേ,

പുതിയ സ്കൂൾവർഷം ആരംഭിച്ചിരിക്കുകയാണല്ലോ. മദ്ധ്യ വേനൽ അവധിക്കാലം നിങ്ങൾ ഫലപ്രദമായി ചെലവഴിച്ചു എന്ന് ഞാൻ വിശ്വസിക്കുകയാണ്. പുതിയ വർഷത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്ന നിങ്ങൾക്ക് ധാരാളം ദൈവാനുഗ്രഹവും പഠനത്തിൽ വിജയവും ആശം സിക്കുന്നു. പരിഷ്ക്കരിച്ച വിദ്യാഭ്യാസപദ്ധതിയനുസരിച്ച് തോൽവി അസാധാരണമാണെങ്കിലും ചിലർക്കെങ്കിലും ഉദ്ദേശിച്ച തരത്തിൽ വിജയം കിട്ടിയില്ല എന്നു വരാം. അതിൽ പ്രയാസപ്പെടേണ്ടതില്ല. പല പ്രാവശ്യം പരാജയപ്പെട്ട് അവസാനം അതുല്യ വിജയം വരിച്ച അനേകം മഹാന്മാരുടെ ചരിത്രം നമ്മുടെ മുമ്പിലുണ്ട്. സ്ഥിരോത്സാഹവും ദൈവാ ശ്രയബോധവും ഉണ്ടെങ്കിൽ വിജയം സുനിശ്ചിതമാണ്. നന്നായി പഠിച്ച് ജയിച്ചവർ തന്നെ ഇനിയും കഠിനാദ്ധ്വാനം ചെയ്തെങ്കിൽ മാത്രമെ തങ്ങ ളുടെ മുന്നോട്ടുള്ള പാതയിൽ വിജയിക്കുകയുള്ളു.

മിക്കവരും ഇതിനകം തങ്ങൾക്ക് ഇഷ്ടപ്പെട്ട കോഴ്സുകളിൽ ചേർന്ന് പഠനം ആരംഭിച്ചുകാണും. ചിലർക്കെല്ലാം തങ്ങൾക്ക് ഇഷ്ട പ്പെട്ടത് ലഭിക്കാത്തതിൽ നിരാശയും ഉണ്ടാകും. മറ്റു ചിലരാകട്ടെ സാമ്പ ത്തികപരാധീനതമൂലം അതല്ലെങ്കിൽ വീട്ടിലെ സാഹചര്യങ്ങൾ അനു കൂലമല്ലാത്തതുകൊണ്ട് പഠനം തുടർന്നെന്നും വരുകയില്ല. പ്രതിസന്ധി കൾ ജീവിതത്തിൽ സാധാരണമാണ്. എന്നാൽ അതിനെയെല്ലാം അതി ജീവിക്കാനുള്ള കഴിവ് ദൈവം നമ്മുക്ക് നൽകിയിട്ടുണ്ട്. അതിനായി നാം പരിശ്രമിക്കുക എന്നതാണ് പരമപ്രധാനം. ഒരു സാഹചര്യവും നമ്മെ തോൽപ്പിക്കാൻ നാം അനുവദിക്കരുത്. കാരണം പതനം ഇന്നത്തെ ലോകത്തിൽ ജിവിതവിജയത്തിന് അനിവാര്യമാണ്.

കാർഷികസംസ്കാരത്തിലായിരുന്നു നമ്മുടെ നാട് ഏതാനും വർഷം മുമ്പ് വരെ. അതിനാൽ കുട്ടികൾ പഠിക്കുന്നതിൽ മാതാപിതാ ക്കൾ അത്ര ശ്രദ്ധയൊന്നും കൊടുത്തിരുന്നില്ല. എന്നാൽ ഇന്ന് സ്ഥിതി മാറി. കൃഷി ഒരു ജീവിതവൃത്തിയായി തെരഞ്ഞെടുക്കുന്നവരുടെ എണ്ണം

വളരെ പരിമിതമാണ്. ഇപ്പോൾ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ തലമുറ അപ്രത്യക്ഷമാകുന്നതോടെ നമ്മുടെ നാട്ടിൽ കൃഷിക്കാരുടെ എണ്ണം വളരെ കുറയും എന്നത് നിസ്സംശയമാണ്. അത് നമ്മെ വലിയ അപകടത്തിലേയ്ക്ക് കൊണ്ടെത്തിയ്ക്കും എന്ന് നാം ഓർക്കേണ്ടതാണ്. അതുകൊണ്ട് കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിക്കുന്നവരും ഉണ്ടാകണം. അതിനർത്ഥം അവർ പഠിക്കേണ്ട എന്നല്ല. കൃഷി ലാഭകരമാകണമെങ്കിൽ അതിനുള്ള അറിവും പരിശീലനവും വേണം. അത് പഠനത്തിലൂടെയേ ആർജ്ജിക്കാനാവുകയുള്ളു. ശരിയായി ചെയ്താൽ കൃഷി ഇന്നും ലാഭകരമാണ് എന്ന് പലരുടേയും അനുഭവങ്ങൾ സാക്ഷിയാണ്. അതുകൊണ്ട് ഏതാനും പേരെങ്കിലും കൃഷിസംബന്ധമായ പഠനങ്ങൾക്കായി പോകണം.

എന്തുകൊണ്ടാണ് കൃഷി ലാഭകരമല്ലാതായതും അതിൽ നിന്ന് ആളുകൾ മറ്റ് മേഖലകളിലേയ്ക്ക് മാറിപ്പോയതും? കാലം മാറുന്നതിനുസരിച്ച് കൃഷിരീതികളിൽ മാറ്റം വരുത്തി കൃഷി ശാസ്ത്രീയമാക്കാതിരുന്നതും മണ്ണിൽ ജോലിയെടുത്ത് കാത്തിരുന്ന് സാവധാനം പണം സമ്പാദിക്കുന്നതിനുള്ള നമ്മുടെ വൈമനസ്യവും രാഷ്ട്രീയ അതിപ്രസരം മൂലമുള്ള തൊഴിലിലിലേയും ഉത്പന്നവിലയിലേയും അനിശ്ചിതത്വവും സർക്കാരിന്റെയും ഉദ്യോഗസ്ഥവൃന്ദത്തിന്റേയും അനാസ്ഥയും കൃഷിക്കാരോടുള്ള അവഗണനയും മറ്റുമാണ് കൃഷിയെ അനാകർഷകമാക്കിയത്. അതുകൊണ്ടാണ് അതിമത്സരത്തെ അതിജീവിച്ച് പോലും ഓട്ടോറിക്ഷായും മറ്റ് ടാക്സിവാഹനങ്ങളും ഓടിയ്ക്കാൻ പലരും തയ്യാറാകുന്നത്. ശരിയായ സാഹചര്യങ്ങൾ ഉണ്ടാകുകയാണെങ്കിൽ ഈ മേഖലകളേക്കാൾ കൃഷി ലാഭകരമാണ്. കൃഷിയിൽ നിന്ന് കിട്ടുന്ന മാനസിക സന്തോഷവും സ്വസ്ഥതയും മറ്റൊരു മേഖലയ്ക്കും തരാൻ സാധിക്കുകയില്ല. മത്സരാധിഷ്ഠിതമായ ഇന്നത്തെ ജോലിസാഹചര്യങ്ങൾ മൂലം പലതരത്തിലുമുള്ള പുതിയ രോഗങ്ങൾ ആവിർഭവിക്കുന്ന ഇക്കാലത്ത് കുട്ടികൾ കൃഷിയിലേയ്ക്ക് തിരിയുന്നതിനെപ്പറ്റി ഗൗരവമായി ആലോചിക്കണം എന്നാണെന്റെ അഭിപ്രായം. മാതാപിതാക്കൾ അതിനായി കുട്ടികൾക്ക് പ്രോത്സാഹനം കൊടുക്കുകയും ചെയ്യണം.

ഓരോരുത്തരും അവരവരുടെ അഭിരുചികൾ തിരിച്ചറിഞ്ഞ് പഠന മേഖലകൾ തെരഞ്ഞെടുക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അല്ലാത്തപക്ഷം പാതിവഴിയിൽ പഠനം ഉപേക്ഷിക്കേണ്ടി വരും. മാതാപിതാക്കൾ അവർക്കിഷ്ടപ്പെട്ട കോഴ്സുകൾ മക്കളെക്കൊണ്ട് പഠിപ്പിക്കുന്ന രീതി നല്ലതാണെന്നു തോന്നുന്നില്ല. കുട്ടികളുടെ അഭിരുചി തിരിച്ചറിഞ്ഞ് അതനുസരിച്ചുള്ള കോഴ്സുകൾക്ക് അവരെ പറഞ്ഞു വിടുക

യാണ് വേണ്ടത്. കാരണം എല്ലാവർക്കും ഒരേ കഴിവല്ല ഉള്ളത് എന്ന് നമുക്കറിയാം. ചിലർക്ക് കണക്ക് വളരെ പ്രയാസമായിരിക്കും, എന്നാൽ അവർക്ക് ഭാഷകൾ പഠിക്കാൻ വളരെ എളുപ്പമായിരിക്കും. കണക്ക് പ്രയാസമായ ഒരാൾ എഞ്ചിനീയറിംഗ് തെരഞ്ഞെടുത്താൽ ഉണ്ടാകാവുന്ന അവസ്ഥ നമുക്ക് ഊഹിക്കാവുന്നതേയുള്ളു. ചില മാതാപിതാക്കളാകട്ടെ സമൂഹത്തിൽ തങ്ങളുടെ സ്ഥാനം ഉയർത്താൻ മക്കളെ അവർക്കിഷ്ടമില്ലാത്ത മേഖലകളിലേയ്ക്ക് പറഞ്ഞു വിടാറുണ്ട്. ഇത് അവരോട് ചെയ്യുന്ന വലിയൊരു അനീതിയാണ്. അങ്ങനെ നിർബന്ധിക്കപ്പെടുന്ന കുട്ടികൾ പഠനത്തിൽ താത്പര്യമില്ലാത്തവരും ചിലപ്പോൾ സാമൂഹ്യവിരുദ്ധരും ആയി മാറിയെന്ന് വരാം.

തെരഞ്ഞെടുക്കുന്ന പഠനമേഖലകളെപ്പറ്റി മുൻവർഷങ്ങളിൽ ഞാൻ എഴുതിയത് ഈ വർഷവും ആവർത്തിക്കുകയാണ്. മെഡിസിൻ, എഞ്ചിനീയറിംഗ്, നേഴ്സിംഗ് എന്നിവ മാത്രമല്ല ജോലികളായി ഉള്ളത് എന്ന കാര്യം നാം വിസ്മരിക്കരുത്. അവ പഠിച്ച് ജോലി സമ്പാദിക്കുന്നതിന് ചെലവാകുന്ന തുകയുടെ ചെറിയൊരംശം മാത്രം ചെലവഴിച്ച് പഠിച്ച് നല്ല ജോലി സമ്പാദിക്കാവുന്ന ഒട്ടനവധി മറ്റ് പഠനമേഖലകൾ ഉണ്ട്. അവയെപ്പറ്റി നിങ്ങൾ അറിവുള്ളവരോട് ചോദിച്ചറിഞ്ഞ് കോഴ്സുകൾ തെരഞ്ഞെടുത്താൽ ഭാവിയിൽ ജോലിയ്ക്ക് വേണ്ടി അലയേണ്ടിവരില്ല.

ജോലിസംസ്കാരത്തെപ്പറ്റിയും ഒരു വാക്ക് നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തട്ടെ. എല്ലാ ജോലികളും മാന്യമാണ് എന്ന വസ്തുത നമ്മുടെ മനസ്സിൽ ഉണ്ടായിരിക്കണം. ജോലികളെ മാന്യത കൂടിയത്, കുറഞ്ഞത് എന്നിങ്ങനെ തിരിയ്ക്കുന്ന ശൈലി ശരിയല്ല. എല്ലാ ജോലികളും ചെയ്യാൻ ആരെങ്കിലും ഉണ്ടായേ മതിയാകൂ. അതുകൊണ്ട് തന്നെയല്ലേ ദൈവം നമുക്ക് വ്യത്യസ്തമായ കഴിവുകൾ നൽകിയിരിക്കുന്നത്? തുണിയലക്കാനും മുടിമുറിയ്ക്കാനും റോഡുകൾ അടിച്ച് വാരാനും ഒന്നും ആളില്ലാത്ത സ്ഥിതിയെപ്പറ്റി നിങ്ങൾ ഓർത്തു നോക്കൂ. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ആയിരക്കണക്കിന് തൊഴിലാളികൾ നമ്മുടെ ഈ കൊച്ച് കേരളത്തിൽ വന്ന് ധാരാളം പണം സമ്പാദിക്കുന്ന കാഴ്ച നാം ദിവസവും കാണുന്നുണ്ട്. ഇതേ ജോലി തന്നെ ഗൾഫ് രാജ്യങ്ങളിൽ പോയി ചെയ്യാൻ നമ്മുടെ ആളുകൾക്ക് യാതൊരു മടിയുമില്ല താനും. എന്നാൽ അവിടെ കിട്ടുന്നതിലും എത്രയോ മാനസിക സംതൃപ്തിയോടെ ആ ജോലികൾ നമ്മുടെ നാട്ടിൽ ചെയ്യാൻ കഴിയും!

പഠനത്തോടൊപ്പം നിങ്ങളുടെ സ്വഭാവരൂപവത്ക്കരണവും നടക്കണം. അതാണ് ശരിയായ വിദ്യാഭ്യാസം എന്ന് പറയുന്നത്.

നിങ്ങളുടെ വിദ്യാഭ്യാസത്തിനായി വലിയ തുകകൾ നമ്മുടെ സർക്കാരും സ്വകാര്യ ഏജൻസികളും മുടക്കുന്നുണ്ട്. പണത്തിന് പുറമേ ഇതിന് വേണ്ടിവരുന്ന ഊർജ്ജത്തിന്റേയും സമയത്തിന്റേയുമെല്ലാം കണക്ക് കൂട്ടിയാൽ നിങ്ങൾക്ക് മനസ്സിലാക്കാം നിങ്ങൾ കൊടുക്കുന്ന ഫീസ് നിങ്ങളുടെ വിദ്യാഭ്യാസത്തിന് ചിലവാകുന്നതിനേക്കാൾ എത്രയോ ചെറുതാണ് എന്ന്. ഇടവകയിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്താൻ ഇടവകവികാരിയച്ചനും കൈക്കാരന്മാരും കമ്മറ്റിക്കാരുമെല്ലാം അദ്ധ്വാനിക്കുന്നത് സൗജന്യമായിട്ടാണല്ലോ. അവരുടെ അദ്ധ്വാനത്തിന്റെ ചെലവ് കൂടി കണക്കാക്കുകയാണെങ്കിൽ തുക എത്രയോ കൂടുതൽ ആകും!

എന്തിനാണ് നാമിങ്ങനെ സ്ഥാപനങ്ങൾ നടത്തുന്നത്? ഓരോ ക്രൈസ്തവവിശ്വാസിയും സ്വന്തം മതാനുയായികളുടെ മാത്രമല്ല മനുഷ്യവംശം മുഴുവന്റേയും ക്ഷേമം ലക്ഷ്യം വയ്ക്കണം എന്ന ചിന്തയാണ് അതിന്റെ പിന്നിലുള്ളത്. ഭാവിയിൽ ഒരു ജോലി സമ്പാദിക്കാനുള്ള കഴിവ് നിങ്ങളിൽ ഉണ്ടാക്കുന്നതോടൊപ്പം നിങ്ങളെ ഓരോരുത്തരേയും ഉത്തമപൗരരും രാഷ്ട്രത്തിന്റേയും സമൂഹത്തിന്റേയും ഉന്നതിയ്ക്കായി പ്രവർത്തിക്കാൻ മനസ്സുള്ളവരുമാക്കിത്തീർക്കുകയും ചെയ്യുക ഈ സ്ഥാപനങ്ങളുടെ ലക്ഷ്യമാണ്. നിങ്ങളിലൂടെ ഈ ലക്ഷ്യം നിറവേറുവാൻ നിങ്ങളുടെയും നിങ്ങളുടെ മാതാപിതാക്കന്മാരുടേയും അദ്ധ്യാപകരുടേയും എല്ലാം സഹകരണം ആവശ്യമാണ്. അതിന് എല്ലാവരേയും നല്ലവനായ ദൈവം പ്രാപ്തരാക്കട്ടെ. പുതിയ സ്കൂൾ വർഷത്തിൽ ഏവർക്കും ഒരിക്കൽകൂടി ആശംസകൾ നേരുന്നു. നിങ്ങളേവരോടും കൂടെ നമ്മുടെ കർത്താവിന്റെ കൃപ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2011 ജൂൺ മാസം 20–ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2011 ജൂലൈ മാസം 10–ാം തീയതി കുട്ടികൾക്കുള്ള വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 6/2011***
***Prot. No.11488/2011***

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,

ദൃശ്യമാദ്ധ്യമങ്ങൾക്ക് പ്രത്യേകിച്ച് ടെലിവിഷന്, നമ്മുടെ സമൂഹത്തിൽ ഉള്ള സ്വാധീനത്തെപ്പറ്റി നിങ്ങൾക്കെല്ലാം അറിവുള്ളതാണല്ലോ. നമ്മുടെ കൊച്ചുസംസ്ഥാനത്ത് നിന്ന് തന്നെ 20 ഓളം മലയാളം ചാനലുകൾ സംപ്രേഷണം ചെയ്യപ്പെടുന്നു എന്ന സത്യം ഈ വസ്തുതയെ ഉറപ്പിക്കുന്നതാണ്. ക്രൈസ്തവ വിശ്വാസത്തിന്റേയും ധാർമ്മിക മൂല്യങ്ങളുടേയും പരിപോഷണത്തിനായി നിലകൊള്ളുന്ന ശാലോം പോലെയുള്ള ചാനലുകളും അവയ്ക്കിടയിൽ പ്രവർത്തിക്കുന്നു എന്നത് ഏറെ പ്രതീക്ഷയുളവാക്കുന്നതാണ്. വളരെയേറെ സാമ്പത്തിക പിൻബലം ആവശ്യമുള്ള ടെലിവിഷൻ രംഗത്ത് ശാലോമിന് വിജയിക്കാനാകുന്നത് വിശ്വാസികളുടെ പ്രാർത്ഥനയും സംഭാവനയും സഹകരണവും കൊണ്ടാണ്. ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് ഒന്നും അസാധ്യമല്ല എന്ന സത്യം ശാലോമിലൂടെ നാം തിരിച്ചറിയുന്നു.

ശാലോമിനെപ്പോലെയുള്ള ചാനലുകൾക്ക് ഇനിയും സാധ്യതയുണ്ട് എന്ന ബോധ്യത്തിന്റെ ഫലമായി ചാലക്കുടി ഡിവൈൻ ധ്യാനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഡിവൈൻ ടെലിവിഷൻ എന്ന പേരിൽ ഒരു ചാനൽകൂടി സംപ്രേഷണം ആരംഭിക്കുകയാണ്. ഈ വരുന്ന നവംബർ 20-ന് സംപ്രേഷണത്തിന്റെ ഉദ്ഘാടനം സീറോ മലബാർ മേജർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ ജോർജ് ആലഞ്ചേരി പിതാവ് ഔദ്യോഗികമായി നിർവ്വഹിക്കും. കേരളത്തിലെ വിൻസെൻഷ്യൻ സന്യാസ വൈദികരുടെ നേതൃത്വത്തിലുള്ള ഡിവൈൻ ധ്യാനകേന്ദ്രത്തിലെ പരിപാടികൾക്ക് പുറമേ വിശ്വാസ സംബന്ധിയായ ഒട്ടനവധി മറ്റ് നല്ല പരിപാടികളും ചാനലിലൂടെ നിങ്ങൾക്ക് കാണാവുന്നതാണ്. കേബിളിൽ 24 മണിക്കൂറും ഈ ചാനൽ ലഭ്യമായിരിക്കും.

നിങ്ങളുടെ പ്രദേശത്തുള്ള കേബിൾ ഓപ്പറേറ്റർമാരോട് നിങ്ങൾ ആവശ്യപ്പെട്ടാൽ മാത്രമേ അവരുടെ കേബിളിലൂടെ ഈ ചാനൽ അവർ

ലഭ്യമാക്കുകയുള്ളൂ. അതിനാൽ ഉടൻ തന്നെ താത്പര്യമുള്ളവർ അതാത് കേബിൾ ഓപ്പറേറ്റർമാരുമായി ബന്ധപ്പെട്ട് ലഭ്യത ഉറപ്പുവരുത്തണം.

ശാലോം ചാനലും ഡിവൈൻ ചാനലും പരസ്പര പൂരകങ്ങളായി പ്രവർത്തിക്കുകയായിരിക്കും ചെയ്യുന്നത്. ഒരേ സമയം പലതരത്തിലും പല വിഭാഗക്കാർക്കുമുള്ള പരിപാടികൾ ആവശ്യക്കാർക്ക് കാണാൻ കഴിയുമല്ലോ.

നിങ്ങൾക്കറിയാവുന്നതുപോലെ വളരെയധികം സാമ്പത്തിക ബാധ്യതയുള്ള ഒന്നാണ് ടെലിവിഷൻ രംഗം. പരസ്യങ്ങളിൽ നിന്നും മറ്റുമുള്ള വരുമാനം ഇല്ലാത്തതുകൊണ്ട് നിങ്ങളുടെ അകമഴിഞ്ഞ സഹ കരണം ഉണ്ടെങ്കിൽ മാത്രമേ ഇത്തരം ചാനലുകൾക്ക് മുന്നേറാൻ കഴി യുകയുള്ളൂ. അതിനാൽ ഇതിന്റെ വിജയത്തിനായി നിങ്ങളുടെ തീക്ഷ്ണ മായ പ്രാർത്ഥനയും സഹകരണവും ഉണ്ടാകണം. നമ്മുടെ കർത്താ വിന്റെ കൃപയും അനുഗ്രഹവും ഡിവൈൻ ചാനലിനോടൊപ്പം എന്നു മുണ്ടായിരിക്കട്ടെ. ചാനലിന്റെ പ്രേക്ഷകർക്കും അവിടുത്തെ കൃപ സമൃ ദ്ധമായി ലഭിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2011 സെപ്റ്റംബർ മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2011 ഒക്ടോബർ മാസം 9-ാം തീയതി എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായി ക്കേണ്ടതാണ്.**

# സർക്കുലർ

*Circular Letter No. 7/2011*
*Prot. No.11541/2011*

## ദീപിക ശതോത്തര ജൂബിലി ആഘോഷം

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,

കേരളത്തിൽ ആദ്യമായി വായനക്കാരുടെ കൈകളിലെത്തിയ ദിന പ്പത്രമാണ് ദീപിക. 1887 ൽ *നസ്രാണി ദീപിക* എന്ന പേരിലാണ് ദീപിക ആരംഭിച്ചത്. കേരള കത്തോലിക്കാ സുറിയാനി സമുദായത്തിലെ പ്രമുഖ വൈദികനായിരുന്ന നിധീരിക്കൽ മാണിക്കത്തനാരുടെ നേതൃത്വത്തിൽ ദീപിക പ്രസിദ്ധീകരണം ആരംഭിച്ചതിന്റെ ശതോത്തരജൂബിലി ഈ വർഷം ആചരിക്കപ്പെടുകയാണ്. ദീപികയുടെ തുടക്കത്തിനും വളർച്ചയ്ക്കും സംഭാവനകൾ നൽകിയവരെ ഈയവസരത്തിൽ നമുക്ക് ഓർക്കുകയും ഈ പത്രത്തിന്റെ നിലനിൽപ്പിനും പ്രചാരണത്തിനും ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്യാം. പത്രം നിലനിൽക്കണ മെങ്കിൽ വായനക്കാർ ഉണ്ടാകണം. നിലനിർത്താനവശ്യമായ സാമ്പ ത്തിക സുസ്ഥിതിയും ഉണ്ടാകണം. അതിന് നിങ്ങളുടെ നിർലോഭമായ സഹകരണം ആവശ്യമാണ്. നിങ്ങളും ദീപികയുടെ വരിക്കാരും വായ നക്കാരും ആകണം എന്നതാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വാർത്തകളുടെ സത്യാവസ്ഥ ഗ്രഹിയ്ക്കാൻ ദീപിക ഏറ്റവും സഹായ കരമാണ്.

പലതരത്തിലുള്ള പ്രതിസന്ധികളിലൂടെയും കടന്നുപോയ ദീപിക മതത്തിനും വർഗ്ഗത്തിനും രാഷ്ട്രീയപാർട്ടികൾക്കും എല്ലാം അതീതമായി ഇന്നും നിലകൊള്ളുന്നു എന്നത് നമുക്കേവർക്കും അഭി മാനിക്കാൻ വക നൽകുന്ന വസ്തുതയാണ്. അതുപോലെ തന്നെ ആരു ടെയും മുഖം നോക്കാതെ വാർത്തകൾ വസ്തുനിഷ്ഠമായും സത്യസ ന്ധമായും അവതരിപ്പിക്കാൻ ദീപിക എന്നും ശ്രമിച്ചിട്ടുമുണ്ട് എന്ന വസ്തുതയും. മറ്റു മാധ്യമങ്ങൾ മറച്ചു വയ്ക്കാൻ ശ്രമിക്കുന്ന സംഭ വങ്ങൾ ദീപികയാണ് പലപ്പോഴും ജനമദ്ധ്യത്തിൽ അവതരിപ്പിക്കുന്നത്.

ദീപികയുടെ ഇത്തരമൊരു നിലപാട് വഴി അവയെ ജനങ്ങളുടെ മുമ്പിൽ എത്തിക്കാൻ മറ്റു മാദ്ധ്യമങ്ങളും നിർബന്ധിക്കപ്പെടാറുണ്ട്. ആനുകാലിക പ്രശ്നങ്ങളെ നിഷ്പക്ഷമായി അപഗ്രഥിച്ച് അവയെപ്പറ്റിയുള്ള ഈടുറ്റ ലേഖനങ്ങളും ദീപിക നിരന്തരം പ്രസിദ്ധീകരിക്കുന്നു. ദീപികയിൽ വരുന്ന വാർത്തകളും ലേഖനങ്ങളും അധികാരകേന്ദ്രങ്ങളിൽ വളരെയധികം ശ്രദ്ധിക്കപ്പെടുകയും ചെയ്യുന്നുണ്ട് എന്ന് അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

നാട്ടിൽ നടക്കുന്ന സംഭവങ്ങൾ യഥാസമയം സത്യസന്ധമായി ജനങ്ങളുടെ മുമ്പിൽ എത്തിക്കുക, ജനങ്ങൾക്ക് ഉപകാരപ്രദമായ കാര്യങ്ങൾ ലാഭേച്ഛ കൂടാതെതന്നെ അവരുടെ അറിവിലേയ്ക്ക് പ്രസിദ്ധീകരിക്കുക, ജനങ്ങളുടെ പ്രശ്നങ്ങൾ ഭരണാധികാരികളുടെ അറിവിലേയ്ക്ക് കൊണ്ടുവരുക, സമൂഹത്തിന് വിജ്ഞാനവും വിനോദവും പകർന്ന് നൽകുന്ന കാര്യങ്ങൾ പ്രസിദ്ധീകരിക്കുക, തുടങ്ങിയവയെല്ലാമാണല്ലോ പത്രധർമ്മമെന്ന് പറയുന്നത്. അതു തന്നെയാണ് ഇതുവരേയും ദീപിക ചെയ്തുവന്നതും ഇനിയും ചെയ്യാൻ പോകുന്നതും. എന്നാൽ ഇതിനെല്ലാം ഭീമമായ തുകകൾ ആവശ്യമാണ്. കാരണം പത്രപ്രസിദ്ധീകരണം ഇന്ന് ഏറെ മത്സരങ്ങളെ നേരിട്ടുകൊണ്ടാണ് പിടിച്ച് നിൽക്കുന്നത്. പ്രസിദ്ധീകരണത്തിനാവശ്യമായ വസ്തുക്കളുടെ വിലയും ജോലിക്കാരുടെ ശമ്പളവും മറ്റ് അനുബന്ധ കാര്യങ്ങളും എല്ലാം സാമ്പത്തിക ഭാരം ഏറെ ഉണ്ടാക്കുന്നതാണ്. കേവലം വരിസംഖ്യയിൽ നിന്ന് മാത്രം അവയ്ക്കുള്ള തുക സമാഹരിക്കാൻ സാദ്ധ്യമല്ല. പത്രങ്ങൾ അവയുടെ നടത്തിപ്പിന് ആവശ്യമായ തുക കണ്ടെത്തുന്നത് ഏറിയ പങ്കും പരസ്യവരുമാനത്തിലൂടെയാണ്. വായനക്കാർ കൂടുതലുള്ള പത്രങ്ങൾക്ക് മാത്രമേ പരസ്യങ്ങൾ ധാരാളമായി കിട്ടുകയുള്ളു. അതുകൊണ്ട് തന്നെ ദീപികയുടെ വായനക്കാരുടെ സംഖ്യ ഇനിയും ഉയരണം. അങ്ങനെ വരുമ്പോൾ കൂടുതൽ പരസ്യങ്ങൾ കിട്ടുകയും അതുവഴി പത്രം നല്ല നിലയിൽ നടത്താൻ കഴിയുകയും ചെയ്യും. പരസ്യങ്ങളെപ്പറ്റിയും ചില കാര്യങ്ങൾ നാം അറിയേണ്ടതുണ്ട്. എല്ലാ പരസ്യങ്ങളും ദീപികയിൽ പ്രസിദ്ധീകരിക്കാറില്ല. ധാർമ്മികതയ്ക്കും സ്വസ്ഥമായ സമൂഹജീവിതത്തിനും ഉതകാത്ത തരത്തിലുള്ള പരസ്യങ്ങൾ ദീപിക സ്വീകരിക്കാറില്ല. കാരണം ദീപികയ്ക്ക് ഇക്കാര്യങ്ങളിൽ വളരെ കർശനമായ നിലപാടുകളുണ്ട്. എത്ര ലാഭമുണ്ടക്കാവുന്ന പരസ്യങ്ങളാണെങ്കിലും ആ നിലപാടുകൾക്ക് വിരുദ്ധമാകുന്ന പരസ്യങ്ങൾ സ്വീകരിക്കപ്പെടുകയില്ല.

ദീപികയുടെ പ്രചാരണത്തിനായി വിവിധ തരത്തിലുള്ള പരിപാടികൾ ഈ ശതോത്തരവേളയിൽ ആവിഷ്ക്കരിക്കുന്നുണ്ട്. അവയിൽ നിങ്ങളും പങ്കുകാരാകണം. നമ്മുടെ ഫൊറോന, ഇടവകതലങ്ങളിൽ ദീപികയുടെ പ്രചാരണത്തിനായി നിങ്ങൾ തന്നെ സംവിധാനങ്ങൾ ഒരുക്കണം. നമ്മുടെ സംഘടനകൾക്ക് ഇക്കാര്യത്തിൽ ഏറെ ചെയ്യുവാൻ കഴിയും എന്നാണെന്റെ ബോദ്ധ്യം. നമ്മുടെ രൂപതയിലെ ബഹുമാനപ്പെട്ട വൈദികരും സന്യസ്തരും സംഘനകളിൽ പ്രവർത്തിക്കുന്ന അത്മായസഹോദരങ്ങളും ഇക്കാര്യങ്ങളിൽ സവിശേഷ ശ്രദ്ധ കാണിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും സന്യാസ ഭവനങ്ങളിലും സ്കൂളുകളിലും അതുപോലെയുള്ള മറ്റ് സ്ഥാപനങ്ങളിലും ദീപിക വരുത്തുകയും വായിയ്ക്കുകയും ചെയ്യുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം. നമ്മുടെ കഴിയുന്നത്ര വീടുകളിലും ദീപിക വരുത്തണം. മറ്റ് പത്രങ്ങൾക്കുള്ളതുപോലെയുള്ള പരസ്യ തന്ത്രങ്ങൾ ദീപികയ്ക്ക് ഇല്ല എന്ന വസ്തുത നാമോർക്കേണ്ടതാണ്. നാമോരുരുത്തരുമാണ് ദീപികയുടെ പ്രചാരകർ.

ദീപിക നിലനിൽക്കേണ്ടതിന്റെ ആവശ്യം നമുക്ക് ബോദ്ധ്യം വരണം എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ദീപിക പോലെയൊരു പത്രം നമ്മുടെ കൈയിൽ ഇല്ലെങ്കിൽ എന്ത് പ്രത്യാഘാതമാണ് ഉണ്ടാകുന്നത് എന്ന് ചിലരെങ്കിലും സംശയം പ്രകടിപ്പിച്ചേക്കാം. മതത്തിന്റെയും ജാതിയുടെയും രാഷ്ട്രീയ നിലപാടുകളുടെയും എല്ലാം അടിസ്ഥാനത്തിൽ വിഭജിയ്ക്കപ്പെട്ടിരിക്കുന്ന കേരള സമൂഹത്തിൽ സത്യവും സുതാര്യവും വസ്തുനിഷ്ഠവും ആയ വാർത്തകൾ ലഭിയ്ക്കാൻ ദീപിക പോലെയുള്ള പ്രസിദ്ധീകരണങ്ങൾ ആവശ്യമാണ്. സമൂഹത്തിന്റെ പൊതു പ്രശ്നങ്ങൾ മാറി മാറി വരുന്ന സർക്കാരുകളുടെ മുമ്പിൽ രാഷ്ട്രീയ നിറം നോക്കാതെ എത്തിയ്ക്കാൻ ദീപിക നമുക്ക് ആവശ്യമാണ്. നിക്ഷിപ്തതാത്പര്യങ്ങൾ ഇല്ലാതെ സമൂഹനന്മ ആഗ്രഹിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ദീപിക നിലനിൽക്കേണ്ടത് നമ്മുടെ എല്ലാവരുടെയും ആവശ്യമാണ്. ജനാധിപത്യം ഏതാനും രാഷ്ട്രീയപാർട്ടികളുടെയും സമ്മർദ്ദഗ്രൂപ്പുകളുടെയും ഭരണം ആയിപോകാതിരിയ്ക്കാൻ നാം നിരന്തരം ജാഗ്രത പുലർത്തുകയും സമൂഹനന്മയ്ക്ക് എതിരായി സർക്കാരുകൾ എടുക്കുന്ന നിലപാടുകളുടെ പൊള്ളത്തരങ്ങൾ വെളിച്ചത്ത് കൊണ്ടുവരുകയും ചെയ്യണം. അതിന് ദീപിക പോലെയുള്ള

പത്രങ്ങൾ നിലനിൽക്കണം. ജനങ്ങൾ തെരഞ്ഞെടുത്ത സർക്കാരുക ളാണെങ്കിലും അവർ എപ്പോഴും ജനനന്മ മാത്രം ലക്ഷ്യമാക്കി പ്രവർത്തി ക്കണമെന്നില്ല എന്ന വസ്തുത നാം വിസ്മരിക്കരുത്.

പലതരത്തിലുള്ള കച്ചവടതാത്പര്യങ്ങളും മറ്റ് നിക്ഷിപ്ത താത്പ ര്യങ്ങളും വാർത്തകളെ വളച്ചൊടിയ്ക്കാനും സംഭവങ്ങളെ മൂടി വയ്ക്കാനും മാദ്ധ്യമങ്ങളെ പ്രേരിപ്പിച്ചെന്ന് വരാം. അങ്ങനെയുള്ള സന്ദർഭങ്ങളിലാണ് നാം ദീപിക പോലെയുള്ള നിഷ്പക്ഷപത്രങ്ങളുടെ മഹത്വം തിരിച്ചറിയുന്നത്. അതിനാൽ ദീപിക എന്നും നമ്മുടെ ഭവന ങ്ങളിൽ ഉണ്ട് എന്ന് നമുക്ക് ഉറപ്പു വരുത്താൻ കഴിയണം. ദീപിക യുടെ ഈ ശതോത്തരവേളയിൽ നമുക്കും ആഹ്ലാദിക്കുകയും ദീപിക അതിന്റെ സർവ്വ പ്രൗഢിയോടും കൂടെ നിലനിൽക്കട്ടെ എന്ന് ആശം സിക്കുകയും ചെയ്യാം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽനിന്ന് 2011 ഒക്ടോബർ മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2011 നവംബർ മാസം 6-ാം തീയതി എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായി ക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 8/2011***
***Prot. No.11540/2011***

## സുരക്ഷാ ക്ഷേമപദ്ധതി

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,

കേരളത്തിലെ അസംഘടിത തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമാണ് 'കേരളാ ലേബർ മൂവ്മെന്റ്' (KLM). കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷന്റെ കീഴിലാണ് ഈ പ്രസ്ഥാനം പ്രവർത്തിക്കുന്നത്. കണക്കനുസരിച്ച് ഇന്ത്യയിലെ തൊഴിലാളികളിൽ ഏകദേശം 93% അസംഘടിതരാണ്. സംഘടനാബലം ഇല്ലാത്ത ബഹുഭൂരിപക്ഷംവരുന്ന ഈ തൊഴിലാളികൾക്ക് സർക്കാർ നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികളുടെ ഗുണം വേണ്ടവിധം പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. ഈ അസംഘടിത തൊഴിലാളികളെ സഹായിക്കാനുള്ള പരിശ്രമങ്ങളാണ് കെ.എൽ.എം. നടത്തിക്കൊണ്ടിരിക്കുന്നത്. കേരള സർക്കാർ തൊഴിലാളികൾക്കുവേണ്ടി നടപ്പാക്കിയിട്ടുള്ള എല്ലാ ക്ഷേമ പദ്ധതികളെപ്പറ്റിയും പ്രതിപാദിക്കുന്ന ഒരു പുസ്തകം കെ.എൽ.എം. പ്രസിദ്ധീകരിച്ചിട്ടുള്ള കാര്യം എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

സഭാസ്ഥാപനങ്ങളിൽ സേവനം ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായി കെ.എൽ.എം. നടപ്പാക്കിവരുന്ന ഒരു പദ്ധതിയാണ് ''സുരക്ഷ''. ഈ പദ്ധതി കേരള കത്തോലിക്കാ മെത്രാൻസമിതി അംഗീകരിച്ചിട്ടുള്ളതും പ്രോത്സാഹിപ്പിക്കുന്നതുമാണ്. കെ.എൽ.എം.-ന്റെ മാനന്തവാടി രൂപതാഘടകത്തിന്റെ ആഭിമുഖ്യത്തിൽ നമ്മുടെ രൂപതയിലെ എല്ലാ സഭാസ്ഥാപനങ്ങളിലും 'സുരക്ഷ പദ്ധതി' നടപ്പിൽ വരുത്തുവാൻ ആഗ്രഹിക്കുന്നു. ഇടവകയിലെ ദൈവാലയശുശ്രൂഷികൾ, അക്കൗണ്ടന്റുമാർ (സെക്രട്ടറി) തുടങ്ങിയവരെയും ഇടവകയുടെ കീഴിലുള്ള മറ്റു സ്ഥാപനങ്ങളിലും സന്യസ്തഭവനങ്ങളിലും അവയുടെ കീഴിലുള്ള സ്ഥാപനങ്ങളിലും രൂപത നേരിട്ട് നടത്തുന്ന സ്ഥാപ

നങ്ങളിലും സേവനം ചെയ്യുന്നവരെയും സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

സഭാസ്ഥാപനങ്ങളിലെ അസംഘടിതരും പെൻഷൻ പോലെയുള്ള ആനുകൂല്യങ്ങൾ ലഭിക്കാത്തവരുമായ തൊഴിലാളികളുടെ സാമ്പത്തികഭദ്രതയാണ് ഈ പദ്ധതിയിലൂടെ നാം ഉന്നംവയ്ക്കുന്നത്. ഇത് വിജയിക്കുന്നതിന് സഭാസ്ഥാപനങ്ങളുടെ മേലധികാരികൾ പ്രത്യേകശ്രദ്ധ ചെലുത്തി തങ്ങളുടെ സ്ഥാപനങ്ങളിലെ തൊഴിലാളികളെ പദ്ധതിയിൽ ചേർക്കുന്നതിന് ഉത്സാഹിക്കേണ്ടതാണ്. സഭാസ്ഥാപനങ്ങളിലെ അസംഘടിത തൊഴിലാളികളുടെ ഭാവിസുരക്ഷ സ്ഥാപനാധികാരികളുടെ ചുമതല കൂടിയാണല്ലോ.

ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ (സി.ബി.സി.ഐ.) തൊഴിൽകാര്യകമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന 'വർക്കേഴ്സ് ഇന്ത്യാ ഫെഡറേഷന്റെയും' വിവിധ കേന്ദ്ര-സംസ്ഥാന ഏജൻസികളുടെയും സഹായസഹകരണത്തോടെയാണ് 'സുരക്ഷ' പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയെക്കുറിച്ചുള്ള വിശദീകരണവും നടപ്പാക്കാനുള്ള സഹായസഹകരണവും മാനന്തവാടിയിലുള്ള വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി (WSSS) ആസ്ഥാനമായി പ്രവർത്തിക്കുന്ന കെ.എൽ.എം. ന്റെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

നമ്മുടെ രൂപതയിൽ കെ.എൽ.എം. നന്നായിത്തന്നെ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. ഇടവകാതലത്തിൽ തൊഴിലാളി പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തിന് എല്ലാവിധ പിന്തുണയും പ്രോത്സാഹനവും നൽകാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കേണ്ടതാണ്. കെ.എൽ.എം. ന്റെ ഓഫീസിൽ നിന്നുള്ള മാർഗ്ഗനിർദ്ദേശങ്ങളുനസരിച്ച് എല്ലാവരും സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

"സുരക്ഷ" ഒരു പങ്കാളിത്ത ക്ഷേമപദ്ധതിയാണ്. ഈ പദ്ധതി നമ്മൾ നടപ്പാക്കുന്നത് ഇൻഡ്യാ ഗവൺമെന്റിന്റെ കീഴിലുള്ള 'പെൻഷൻ ഫണ്ട് റെഗുലേറ്ററി ഡവലപ്പ്മെന്റ് അതോറിറ്റി' വഴിയാണ്. അതുപോലെ ഈ പദ്ധതിയുടെ മറ്റൊരു പ്രത്യേകതയാണ് ഇതോടനുബന്ധിച്ചുള്ള ലൈഫ് ഇൻഷുറൻസ് പരിരക്ഷ. അത് നടപ്പാക്കുന്നത് ഇൻഡ്യാ ഗവൺമെന്റിന്റെ തന്നെ ഉടമസ്ഥതയിലുള്ള 'ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ'വഴിയാണ്. "സുരക്ഷ" പദ്ധതിയിൽ ചേരുന്നവർക്ക് 60 വയസ്സ് മുതൽ പെൻഷൻ കിട്ടുന്നതാണ്. അങ്ങനെ കിട്ടുന്ന തുകയുടെ

വലുപ്പം അവർ പദ്ധതിയിൽ അതുവരെ അടച്ച തുകയ്ക്ക് ആനുപാതികമായിരിക്കും. സർക്കാരിന്റെ ഒരു വിഹിതവും (വർഷം 1100 രൂപ) പദ്ധതിയിൽ നിക്ഷേപിക്കപ്പെടും. പദ്ധതിയിൽ ചേർന്നവർക്ക് പദ്ധതി പൂർത്തീകരണത്തിന് (60 വയസ്സ്) മുമ്പായി അപകടമരണമോ, പൂർണ്ണമായ അംഗവൈകല്യമോ സംഭവിക്കുകയാണെങ്കിൽ 85000 രൂപ ആശ്രിതർക്ക് ലഭിക്കുന്നതാണ്. സാധാരണ മരണമാണെങ്കിൽ തുക 40000 രൂപ ആയിരിക്കും. അതോടൊപ്പം പലിശയടക്കം പെൻഷൻ തുകയും ആശ്രിതർക്ക് ലഭ്യമാകും.

ഉത്തരവാദപ്പെട്ട ഒരു സർക്കാർ ഏജൻസിയാണ് "സുരക്ഷ" പദ്ധതി കൈകാര്യം ചെയ്യുന്നത് എന്നത് ഈ പദ്ധതിയുടെ പ്രധാന മേന്മയാണ്. മാത്രമല്ല സർക്കാരിന്റെ ഒരു വിഹിതവും പദ്ധതിയുടെ ഉപഭോക്താവിന് ലഭ്യമാകുന്നു. പദ്ധതിയുടെ ഉപഭോക്താവ് തന്നെ പദ്ധതിയിലേയ്ക്കുള്ള തുക അടയ്ക്കാൻ കടപ്പെട്ടിരിക്കുന്നു എന്നതുകൊണ്ട് ഏതൊരു സ്ഥാപനത്തിലേയ്ക്ക് മാറിപ്പോയാലും അയാൾക്ക് പദ്ധതിയിൽ തുടരാൻ കഴിയും എന്നതാണ് മറ്റൊരു മേന്മ. പദ്ധതിയിൽ ചേരുന്ന തൊഴിലാളിയും അയാൾ സേവനം ചെയ്യുന്ന സ്ഥാപനവും ഓരോ മാസവും പദ്ധതിയിലേയ്ക്ക് 150 രൂപാവീതം അടയ്ക്കണം. സ്ഥാപനം 150 രൂപാ അടയ്ക്കുക എന്നത് കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ തീരുമാനമാണ്. സഭാസ്ഥാപനങ്ങളിലെ ജീവനക്കാരെ ഉദ്ദേശിച്ചാണ് 'സുരക്ഷ' തുടങ്ങിയിരിക്കുന്നതെങ്കിലും അസംഘടിതമേഖലയിലെ ഏതൊരു തൊഴിലാളിക്കും വ്യക്തിപരമായി ഇതിൽ ചേരാവുന്നതാണ്. സർക്കാരിന്റെ പ്രൊവിഡന്റ് ഫണ്ടിന്റെ പരിരക്ഷയിൽ വരാത്ത വ്യക്തി ആയിരിക്കണം എന്ന് മാത്രം. സഭാസ്ഥാപനങ്ങളിലെ ജീവനക്കാരല്ലാത്തവർ പ്രതിമാസം ചുരുങ്ങിയത് 100 രൂപാ അടച്ചാൽ മതിയാകും.

സുരക്ഷയിൽ ചേരാൻ താല്പര്യപ്പെടുന്നവർ സഭാസ്ഥാപനങ്ങളിലും മറ്റു സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന വ്യക്തികൾ സുരക്ഷയുടെ അപേക്ഷാഫോറം പൂരിപ്പിച്ച്, പാസ്പോർട്ട് സൈസ് കളർഫോട്ടോയുടെ മൂന്ന് കോപ്പികൾ, ഇലക്ഷൻ ഐഡന്റിറ്റി കാർഡിന്റെ ഫോട്ടോകോപ്പി, ജനനത്തീയതി, മേൽവിലാസം എന്നിവ തെളിയിക്കുന്ന രേഖയുടെ കോപ്പികൾ സഹിതം കെ.എൽ.എം. ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫോറം കെ.എൽ.എം. ഓഫീസിൽ ലഭിക്കു

ന്നതാണ്. ബഹുമാനപ്പെട്ട ഇടവക വികാരിയച്ചന്മാരും സ്ഥാപനങ്ങളുടെ ഉത്തരവാദിത്വം ഉള്ള വൈദികരും സന്യസ്തരും ഇതിനായി അപേക്ഷ കരെ സഹായിക്കണം എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. സുരക്ഷ വഴി നമ്മുടെ സ്ഥാപനങ്ങളിലും ഭവനങ്ങളിലും സേവനം ചെയ്യുന്ന നമ്മുടെ സഹോദരങ്ങൾക്ക് അവരുടെ ഭാവി സുരക്ഷിതമാക്കാൻ സാഹ ചര്യമൊരുക്കാൻ ബന്ധപ്പെട്ട എല്ലാവരെയും ക്ഷണിക്കുന്നു. നിങ്ങളുടെ പ്രവർത്തനങ്ങളെ ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2011 ഒക്ടോബർ മാസം 20 –ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2011 നവംബർ മാസം 20–ാം തീയതി എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായി ക്കേണ്ടതാണ്.**



# ഇടയലേഖനം

**Pastoral Letter No. 02/2011**
**Prot. No. 11622/2011**

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ

**പൊരുന്നേടം മാർ ജോസ് മെത്രാൻ**

തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

നമ്മുടെ കർത്താവിന്റെ ജനനതിരുനാളിന്റെ ഒരുക്കമായിട്ടുള്ള ഇരുപത്തഞ്ച് നോമ്പിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ആരാധനാ ക്രമവർഷത്തിന്റെ തിരിവനുസരിച്ച് ഈ കാലഘട്ടം ആഗമനകാലം അഥവാ മംഗളവാർത്താക്കാലം എന്നറിയപ്പെടുന്നു. പാപംചെയ്ത മനുഷ്യനെ രക്ഷിക്കാൻ ദൈവം വാഗ്ദാനം ചെയ്ത രക്ഷകന്റെ വരവിനെ പ്രതീക്ഷിച്ചിരുന്നതിന്റെ ഓർമ്മയായതിനാൽ ആഗമനകാലം എന്നും രക്ഷകൻ പിറക്കാൻപോകുന്നു എന്ന നല്ല വാർത്ത പരിശുദ്ധമറിയത്തോട് മാലാഖവഴി ദൈവം അരുളിചെയ്തതിന്റെ ഓർമ്മയായതിനാൽ മംഗളവാർത്താക്കാലമെന്നും ഈ കാലഘട്ടം അറിയപ്പെടുന്നു. വി. മത്തായി അറിയിച്ച സുവിശേഷത്തിൽ നാം ഇപ്രകാരം വായിക്കുന്നു. *അവൾ ഒരു പുത്രനെ പ്രസവിക്കും . നീ അവന് യേശു എന്ന പേരിടണം. എന്തെന്നാൽ അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് മോചിപ്പിക്കും.* (മത്തായി.1/20-21)

നമ്മുടെ കർത്താവിന്റെയും അവിടുത്തെ പിൻതുടർന്നവരുടെ കൂട്ടായ്മയായ സഭയുടെയും ജീവിതത്തെ അടിസ്ഥാനപ്പെടുത്തിയാണ് ആരാധനാക്രമവർഷം തിരിച്ചിരിക്കുന്നത്. ആഗമനകാലത്ത് തുടങ്ങുന്ന വർഷം അവസാനിക്കുന്നത് പള്ളിക്കൂദാശാക്കാലത്താണ്. കർത്താവിനോടൊത്ത് അവിടുത്തെ ജീവിതാനുഭവങ്ങളിലൂടെ കടന്ന് സഭയായ നമ്മളും അവിടുത്തെ രണ്ടാമത്തെ ആഗമനത്തിൽ പിതാവായ ദൈവ

ത്തിന്റെ സന്നിധിയിൽ എത്തിച്ചേരുന്നതിനേയാണ് പള്ളിക്കൂദാശാക്കാലം അനുസ്മരിപ്പിക്കുന്നത്. ആ സന്നിധിയിലേക്കുള്ള ഒരു തീർത്ഥയാത്ര യാണ് നാം ആരാധനാ ക്രമവർഷത്തിലൂടെ നടത്തുന്നത്. ആഗമനക്കാ ലത്ത് നാം ആ തീർത്ഥ യാത്ര ആരംഭിക്കുന്നു.

പിതാവിന്റെ സന്നിധി സ്വർഗ്ഗരാജ്യമാണ്. ഒരു കൊച്ചു കുഞ്ഞ് തന്റെ പിതാവിന്റെ മടിയിൽ ഇരിക്കുമ്പോൾ കിട്ടുന്ന സന്തോഷമാണ് നമുക്ക് പിതാവായ ദൈവത്തിന്റെ സന്നിധിയിൽ കിട്ടേണ്ടത്. ധന വാന്റെയും ദരിദ്രന്റെയും ഉപമയിൽ ദരിദ്രൻ മരിച്ച് ചെന്നുചേരുന്നത് അബ്രാഹത്തിന്റെ മടിയിലാണ്. ക്രൈസ്തവജീവിതത്തിന്റെ ലക്ഷ്യം പിതാവായ ദൈവത്തിന്റെ മടിയിൽ അഥവാ സ്വർഗ്ഗരാജ്യത്തിൽ എത്തി ച്ചേരുകയാണ്. അവിടുത്തെ സന്നിധിയിൽ ആയിരിക്കുമ്പോൾ നമുക്കു ണ്ടാകുന്ന സന്തോഷത്തിന്റെ അനുഭവമാണ് നിത്യജീവിതം അഥവാ നിത്യരക്ഷ. നിത്യജീവിതം, നിത്യരക്ഷ എന്നീ വാക്കുകൾ മരണശേഷം നമുക്ക് കിട്ടാൻ പോകുന്ന *അവസാനമില്ലാത്ത ജീവിതം* എന്നതിലുപരി യായി ആ ജീവിതത്തിന്റെ പ്രത്യേക അവസ്ഥയെയാണ് സൂചിപ്പിക്കു ന്നത്. അതായത് പിതാവിന്റെ സന്നിധിയിൽ സന്തോഷത്തോടെ കഴി യുന്ന അവസ്ഥയാണ് സ്വർഗ്ഗരാജ്യം. അതുതന്നെയാണ് നിത്യരക്ഷ യെന്ന് പറയുന്നതും. യഥാർത്ഥമായ ക്രൈസ്തവജീവിതം സ്വർഗ്ഗരാ ജ്യത്തിന്റെ മുന്നാസ്വാദനമാണ്. ക്രൈസ്തവർ ഈ ലോകത്തിൽ സന്തോഷത്തോടെ ജീവിക്കുന്നവരാകണം. അത് മറ്റുള്ളവർക്ക് പകർന്ന് കൊടുക്കുന്നവരും ആകണം. അതാണ് യഥാർത്ഥ പ്രേഷിതപ്രവർത്ത നവും.

ദൈവം വാഗ്ദാനം ചെയ്ത രക്ഷ അഥവാ നിത്യസന്തോഷം അനുഭവിക്കണമെങ്കിൽ നമ്മളും ഈശോ കടന്നുപോയ അതേ പാത യിലൂടെ കടന്നുപോകണം. ആ കാര്യം നമ്മെ ഓർമ്മിപ്പിക്കുന്ന കാല ഘട്ടമാണ് ആഗമനകാലം. രക്ഷകനെ ലോകത്തിന് നൽകാൻ തെര ഞ്ഞെടുക്കപ്പെട്ട പരിശുദ്ധ മറിയം കടന്നുപോയ ജീവിതാനുഭവങ്ങൾ നാമോർക്കേണ്ടതുണ്ട്. ഒരു സാധാരണ ഗ്രാമീണ പെൺകുട്ടിയെ സംബന്ധിച്ച് മനസ്സിലാക്കാൻ കഴിയുന്നതിലും വളരെയധികമായിരുന്നു ദൈവത്തിന്റെ ആജ്ഞ സ്വീകരിച്ചതുകൊണ്ട് അവൾക്കുണ്ടായ കഷ്ട പ്പാടുകളും വേദനകളും. മനസ്സിലായില്ലെങ്കിലും *നിന്റെ വചനം പോലെ എന്നിൽ സംഭവിക്കട്ടെ* എന്ന് അവൾ സമ്മതം മൂളിയതുകൊണ്ടാണ്

ഈശോയെ ലോകത്തിന് കൊടുക്കാൻ അവൾക്ക് കഴിഞ്ഞത്. അതുകൊണ്ട് തന്നെയാണ് അവൾക്ക് രക്ഷകന്റെ അമ്മയാകാൻ കഴിഞ്ഞതും ഭാഗ്യവതിയെന്ന് ഇന്നും പ്രകീർത്തിക്കപ്പെടുന്നതും.

തന്നിൽ നിന്നല്ലാതെ ഗർഭം ധരിച്ച തന്റെ ഭാര്യയെപ്രതി വിശുദ്ധ യൗസേപ്പ് പിതാവ് അനുഭവിച്ച മനോവേദന നമുക്ക് ഏകദേശം ഊഹിക്കാം. അദ്ദേഹം എല്ലാം സഹിച്ച് മറിയത്തെ ഭാര്യയായി സ്വീകരിക്കുകയും ഈശോയേയും മറിയത്തേയും സംരക്ഷിക്കാൻ മനസ്സ് കാണിക്കുകയും ചെയ്തതുകൊണ്ടാണ് നമുക്ക് രക്ഷ സാധ്യമായത്. ഈശോയുടെ ജനനത്തിനുശേഷവും അവർക്ക് ജീവിതം എളുപ്പമായിരുന്നില്ല. പക്ഷെ ഈശോയെ നമുക്ക് നൽകാൻ അവരത് സഹിക്കേണ്ടിയിരുന്നു. ആഗമനകാലത്ത് നാമനുഷ്ഠിക്കുന്ന ഉപവാസത്തിന്റെയും മാംസവർജ്ജനത്തിന്റേയും പരിത്യാഗ പ്രവർത്തികളുടേയും എല്ലാം അർത്ഥം ഇവിടെയാണ് നാം കണ്ടെത്തേണ്ടത്. ഈശോയെ മറ്റുള്ളവർക്ക് കൊടുക്കാനും നമ്മുടേയും മറ്റുള്ളവരുടേയും ജീവിതത്തിൽ യഥാർത്ഥ സന്തോഷം കണ്ടെത്താനും ഇത്തരം പ്രയാസകരമായ അവസ്ഥയിലൂടെ കടന്നുപോയേ മതിയാകൂ. അതിന് കുറുക്ക് വഴികൾ ഇല്ല എന്ന വസ്തുത ഇരുപത്തഞ്ച് നോമ്പുകാലം നമ്മെ അനുസ്മരിപ്പിക്കുന്നു.

ഈ വർഷം സീറോ മലബാർ സഭയിൽ നമ്മൾ പ്രേഷിതവർഷമായി ആചരിക്കുകയാണ്. നമ്മുടെ സഭയ്ക്ക് ഛാന്ദാ എന്ന് പേരുള്ള ഒരു മിഷൻ രൂപത അനുവദിച്ച് തന്നതിന്റെ അൻപതാം വർഷം ആയതുകൊണ്ടാണ് ഇപ്രകാരം നമ്മൾ ആചരിക്കുന്നത്. എന്നാൽ അത് നമ്മുടെ പ്രേഷിതദൗത്യത്തെപ്പറ്റി അനുസ്മരിപ്പിക്കാൻ കൂടിയാണ്. നമ്മുടെ മനോഭാവത്തിലൂടെയും വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും ഈശോയെ മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുന്ന പ്രക്രിയയാണ് പ്രേഷിതവേല. അത് കേവലം വൈദീകരുടേയും സന്യസ്ഥരുടേയും മാത്രം ഒരു ഉത്തരവാദിത്വം അല്ല. എല്ലാ ക്രൈസ്തവ വിശ്വാസികളും ഈ ഉത്തരവാദിത്വം ഏറ്റെടുത്തവരാണ്. അതങ്ങ് ദൂരെ ദേശങ്ങളിൽ അക്രൈസ്തവരുടെ ഇടയിൽമാത്രം നിർവ്വഹിക്കപ്പെടേണ്ട ഒരുകാര്യവുമല്ല . നാം ജീവിക്കുന്ന പ്രാദേശികചുറ്റുപാടുകളിലും അത് നിർവ്വഹിക്കപ്പെടണം. ഏത് പ്രതിസന്ധികളിലും പ്രയാസങ്ങളിലും രോഗങ്ങളിലും കഷ്ടപ്പാടുകളിലും സന്തോഷത്തോടെ ജീവിക്കുന്ന ക്രൈസ്തവരാണ് ഏറ്റവും വലിയ പ്രേഷിതർ. തന്നെതന്നെ മുഴുവനായി ലോകത്തിന്

ദാനം ചെയ്ത ഈശോയെപ്പോലെ നമ്മേയും നമുക്കുള്ളതും മറ്റുള്ളവരുമായി പങ്കുവയ്ക്കുക എന്നത് ഈ പ്രേഷിത പ്രവർത്തിയുടെ ആവശ്യഘടകമാണ്. മാതാവും യൗസേപ്പിതാവും നമുക്ക് കാണിച്ചുതരുന്ന മാതൃക മറ്റൊന്നല്ല.

ഈ കഴിഞ്ഞ വർഷങ്ങളിൽ ഏറ്റവും അധികം ആത്മഹത്യ നടന്നിട്ടുള്ള സ്ഥലങ്ങളിൽ ഒന്നാണ് വയനാട്. ആത്മഹത്യ ചെയ്തവരിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നവർ ക്രൈസ്തവരുമാണ്. അത് നമ്മെ ഇരുത്തി ചിന്തിപ്പിയ്ക്കേണ്ടതാണ്. കടക്കെണിയാണ് ആത്മഹത്യയ്ക്ക് പ്രധാന കാരണമെന്ന് പറയപ്പെടുന്നു. കടം ആത്മഹത്യയ്ക്ക് പരോക്ഷകാരണമാകുന്നുണ്ടെങ്കിലും അതിന്റെ പ്രത്യക്ഷകാരണം ഈ കെണിയെ നേരിടാനുള്ള ആത്മധൈര്യം ഇല്ലാതാകുന്നു എന്നതാണ്. ക്രിസ്തുവിന്റെ സന്ദേശം ശരിയായി ഉൾക്കൊള്ളാൻ പറ്റാത്തവിധം അവരുടെ മനസ്സും ബുദ്ധിയും എല്ലാം മറ്റ് സ്വാധീനങ്ങൾക്ക് അടിപ്പെട്ടുപ്പോയി എന്നതാണ് സത്യം. അതുപോലെ തന്നെ അത്തരം ദുർബ്ബലമാനസ്സരെ ശക്തിപ്പെടുത്താൻ നമ്മുടെ സമയത്തിന്റെയും ഊർജ്ജത്തിന്റെയും സമ്പത്തിന്റെയും ചെറിയൊരുഭാഗമെങ്കിലും നീക്കിവയ്ക്കാൻ നമ്മളും മറന്നുപോയി. അതിന് നാം തയ്യാറായാൽ ഒരുപാട് പേർക്ക് സന്തോഷത്തോടെ ജീവിക്കാനുള്ള അവസ്ഥ ഉണ്ടാക്കികൊടുക്കാനും അങ്ങനെ അവരെ ആത്മഹത്യയിൽ നിന്ന് രക്ഷിക്കാനും നമുക്ക് കഴിയും എന്നതിൽ സംശയമില്ല.

ഈ ആഗമനകാലത്ത് നാമനുഷ്ഠിക്കുന്ന നോമ്പും ഉപവാസവും മാംസവർജ്ജനവും മറ്റ് ത്യാഗപ്രവർത്തികളും ഇത്തരമുള്ള ഒരു അവസ്ഥയിലേയ്ക്ക് നമ്മെ നയിക്കാൻ പര്യാപ്തമാകണം. അപ്പോഴാണ്, അപ്പോൾ മാത്രമാണ്, നമ്മുടെ ഹൃദയത്തിൽ ഈശോ ജനിക്കുന്നത്. പരമപരിശുദ്ധിതന്നെയായ അവിടുത്തേയ്ക്ക് വന്ന് പിറക്കാൻ അത്തരത്തിലുള്ള ഒരു ഹൃദയം തന്നെ വേണം. സ്വയം ശൂന്യനാക്കുകയും തന്റെ ദൈവത്വം പോലും വേണ്ടായെന്ന് വച്ച് ഒരുദാസന്റെ രൂപത്തിൽ അവതരിക്കുകയും ചെയ്ത അവിടുത്തേയ്ക്ക് അഹങ്കാരത്തിന്റെയും ഗർവ്വിന്റേയും ആഢംഭരത്തിന്റേയും ഇരിപ്പിടമായ ഒരു ഹൃദയത്തിൽ ഒരിക്കലും പിറക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. പൂർണ്ണമായി സ്വയം മറ്റുള്ളവർക്ക് ദാനം ചെയ്ത ഈശോയുടെ ജനനം ആഘോഷിക്കണമെങ്കിൽ ആ പ്രക്രിയയുടെ ചെറിയൊരു ഭാഗമെങ്കിലും നമ്മളും ചെയ്തേ മതിയാകൂ. പങ്ക് വയ്ക്കാൻ നമ്മളും തയ്യാറാകണം.

ആഗമനകാലത്ത് നാം പലതും വേണ്ടായെന്ന് വയ്ക്കുന്നതിന്റെ മറുവശമാണ് ക്രിസ്തുമസ്സിന് നാം കൈമാറുന്ന ആശംസാകാർഡുകളും കേക്കും മറ്റും. ഈശോയുടെ സന്തോഷം മറ്റുള്ളവർക്ക് കൊടുക്കുക എന്ന പ്രേഷിതപ്രവർത്തിയുടെ ഭാഗമായി വേണം അവ ചെയ്യാൻ. ക്രിസ്തുമസ്സിന് തൂക്കുന്ന നക്ഷത്രവിളക്കുകളും ഈ സന്തോഷത്തിന്റെ അടയാളങ്ങളാണ്. അതുപോലെ രക്ഷകന്റെ സാന്നിദ്ധ്യത്തിന്റെ സൂചകങ്ങളുമാണ്. വ്യക്തി സ്പർശമില്ലാത്ത ആശംസാകാർഡുകളും കച്ചവട ലക്ഷ്യത്തോടെയുള്ള കേക്കുകളും ക്രിസ്തുവില്ലാത്ത അലങ്കാരവസ്തുക്കളും ജീവൻ നഷ്ടപ്പെട്ട ശരീരം പോലെയാണ്. ഈശോയെ ഹൃദയത്തിൽ സ്വീകരിക്കുന്നവർക്ക് ഉണ്ടാകുന്ന സന്തോഷത്തെ അറിയിക്കുന്നതാണ് ക്രിസ്തുമസ്സ് കരോളുകൾ. അവ *കരോൾപിരിവുകളായും* ആഭാസനൃത്തമാടുന്ന റിയാലിറ്റി ഷോകളായും തരം താഴാൻ അനുവദിക്കുന്നത് ശരിയല്ല.

ക്രിസ്തുമസ്സ് പപ്പായെന്ന് വിളിയ്ക്കുന്ന സാന്താക്രൂസിനും ക്രിസ്തുമസ്സുമായി വലിയ ബന്ധമൊന്നുമില്ല എന്ന വസ്തുതയും നാം ഓർക്കേണ്ടതാണ്. ഇന്നത്തെ രീതിയിലുള്ള ക്രിസ്തുമസ്സ് പപ്പായെ ആദ്യമായി അവതരിപ്പിച്ചത് 1931 -ൽ അമേരിക്കൻ ശീതളപാനീയ നിർമ്മാണ സ്ഥാപനമായ കൊക്കൊക്കോളോ കമ്പനിയാണ് എന്നത് അധികമാർക്കും അറിഞ്ഞുകൂടാത്ത സംഗതിയാണ്. അതവരുടെ ശീതളപാനീയത്തിന്റെ പരസ്യത്തിനുവേണ്ടിയായിരുന്നു താനും. ക്രിസ്തുമസ് പപ്പയുമായി ബന്ധപ്പെടുത്തി ഇന്നു നാം കേൾക്കുന്ന കഥകളും ഇപ്രകാരം പല കഥയെഴുത്തുകാരുടേയും ഭാവനയിലുതിച്ചതാണ് എന്നതും എടുത്തുപറയേണ്ടതാണ്. അങ്ങനെയുള്ള ഒരു ക്രിസ്തുമസ് പപ്പ ഇനിയും നമ്മുടെ ക്രിസ്തുമസ് ആഘോഷത്തിന്റെ ഭാഗമാകണോ എന്ന ചോദ്യവും പ്രസക്തമാണ്. കാരണം ക്രിസ്തുമസ്സിന്റെ യഥാർത്ഥ സന്ദേശം ഇവയുടെ ഇടയിൽ നഷ്ടപ്പെട്ടുപോകുന്നു.

കർത്താവിന്റെ ജനനം അറിയിച്ചുകൊണ്ട് മാലാഖമാർ പാടി: *അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം. ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം.* (ലൂക്ക.2,14) ക്രിസ്തു വാഗ്ദാനം ചെയ്യുന്ന സമാധാനം ദൈവകൃപ ലഭിച്ചവർക്കാണ് കിട്ടാൻ പോകുന്നത്. കർത്താവ് തന്നെ പറഞ്ഞു: എന്റെ സമാധാനം നിങ്ങൾക്ക് ഞാൻ തന്നിട്ട് പോകുന്നു. ലോകം തരുന്നതുപോലെയുള്ള ഒരു സമാധാനമല്ലത്. അവൻ എമ്മാനുവേലാണ്. അതായത് ഈശോ നമ്മോടുകൂടി യുഗാന്ത്യം വരെ

എപ്പോഴുമുണ്ട് . അവിടുത്തെ നിരന്തരമായ സാമീപ്യവും സംരക്ഷണവും സഹായവും നൽകുന്ന ഉറപ്പാണത്. ആ ഉറപ്പിന്റെ ആഘോഷമാണ് ക്രിസ്തുമസ്. അത് ബോധ്യം വന്നവർക്കേ ക്രിസ്തുമസ് ശരിയായ രീതിയിൽ ആഘോഷിക്കാൻ കഴിയുകയുള്ളൂ.

ക്രിസ്തുമസ് കഴിഞ്ഞ് ഏതാനും ദിവസങ്ങൾക്കുള്ളിൽ 2011 നോട് നാം വിട പറഞ്ഞ് 2012 നെ എതിരേൽക്കും. ഈയവസരത്തിൽ കഴിഞ്ഞവർഷം നമുക്ക് ലഭിച്ച ദൈവാനുഗ്രഹങ്ങൾക്ക് ദൈവത്തെ സ്തുതിക്കുകയും അവിടുത്തേയ്ക്ക് നന്ദിപറയുകയും ചെയ്യാം. അതുപോലെ നമുക്ക് വന്നുപോയ പരാജയങ്ങൾ കണ്ടെത്തി അവയുടെ കാരണങ്ങൾ ഇല്ലാതാക്കി വിജയത്തിലേയ്ക്ക് നടന്നടുക്കാനും പരിശ്രമിക്കാം. പുതിയ വർഷത്തെ പുതിയ തീരുമാനങ്ങളുമായി എതിരേൽക്കാൻ നമുക്ക് കഴിയട്ടെ.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ. ഏവർക്കും ഫലദായകമായ നോമ്പുകാലവും, സന്തോഷപ്രദമായ ക്രിസ്തുമസ്സും സമൃദ്ധിയും ദൈവാനുഗ്രഹവും നിറഞ്ഞ പുതുവത്സരവും ആശംസിക്കുന്നു.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2011 നവംബർ മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2011 ഡിസംബർ മാസം 11-ാം തീയതി എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.**